
# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 43 | THE ONLINE OFFICIAL NEWS BULLETIN | 2024 October 03


| SEASON OF CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ |
|---|---|---|

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 4th Sunday after the Holy Cross ♪4 **6** |  ♪8 Comme. of Martyrs St. Sargis & St. Bakos **7** | ♪4 **8** | ♪8 **9** | ♪4 **10** | ♪8 **11** |   ♪4 169th Mem. of Cheppad Philipose Mar Dionysius Malankara Metropolitan (St. Geroge Church, Cheppad) 44th Mem. of Yuhannoon Mar Athanasios OIC (Perunad Bethany Ashram) **12** |



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമനസിന്റെ ശ്ലൈഹീക സന്ദർശനത്തിന്റെ ഭാഗമായി ഹൂസ്റ്റൺ സെന്റ്. തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പ്രതിനിധികൾ അർമീനിയൻ കാതോലിക്കോസ് കരേക്കിൻ രണ്ടാമനൊപ്പം.



പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷന്റെ 59-ാമത് വാർഷിക പൊതുയോഗം ദേവലോകം കാതോലിക്കേറ്റ് അരമനയിലെ കേന്ദ്ര ഓഫീസിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് അഭിവന്ദ്യ ഡോ. ജോസഫ് മാർ ദീവന്നാസിയോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ യോഗം ഉദ്ഘാടനം ചെയ്തു.



പരുമല ആശുപത്രിയുടെ ലോക ഹൃദയ ദിനാചരണവും പുതുതായി പ്രവർത്തനം ആരംഭിച്ച അന്താരാഷ്ട്ര നിലവാരമുള്ള അത്യാധുനിക ലേസർ ആൻജിയോപ്ലാസ്റ്റി സംവിധാനത്തിന്റെ ഉദ്ഘാടനവും രമേശ് ചെന്നിത്തല എം.എൽ.എ. നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് അധ്യക്ഷത വഹിച്ചു.




അഖില മലങ്കര പ്രാർത്ഥനായോഗം നോർത്ത് സോൺ (കുന്നംകുളം, തൃശൂർ, മലബാർ, ബത്തേരി ഭദ്രാസനം) സംഗമം ഒക്ടോബർ 2-ന് പാലക്കാട്, മലമ്പുഴ സെന്റ് ഗ്രീഗൊറിറോസ് പള്ളിയിൽ നടന്നു. പ്രാർത്ഥനായോഗം പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ഗീവർഗീസ് മാർ പക്കോമിയോസ് ഉത്ഘാടനം ചെയ്തു.

## സർക്കാർ നിസ്സംഗത വെടിയണം: ഓർത്തഡോക്സ് സഭ

കോട്ടയം: സുപ്രീംകോടതി വിധി നടപ്പിലാക്കുവാൻ പലതവണ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നടക്കാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന് അന്ത്യ ശാസനം നൽകേണ്ടി വരുന്ന ദുസ്ഥിതി ഒഴിവാക്കേണ്ടതായിരുന്നു എന്ന് ഓർത്തഡോക്സ് സഭ. കോടതി വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉന്നയിച്ച എല്ലാ തടസ്സവാദങ്ങളും തള്ളി കൊണ്ടാണ് പരമോന്നത നീതിപീഠത്തിന്റെ വിധി നടപ്പിലാക്കുവാൻ ഭരണകൂടം ബാധ്യസ്ഥമാണെന്ന് കോടതി ഇതിനോടകം വെളിപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ 6 പള്ളികളുടെ കേസിൽ കോടതി പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് ഗൗരവമായി പരിഗണിച്ച് നീതി നടപ്പിലാക്കി തരണമെന്ന് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് ആവശ്യപ്പെട്ടു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖ

# എഴുത്തുകളുടെ നമ്പർ ബുക്ക്

 പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

## 1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

185. ഇ. ജെ. പീലിപ്പോച്ചന്. ഒപ്പു വച്ച എഴുത്തുകടലാസു അയക്കുന്നു. ജഡ്ജ്മെന്റിന്റെ പകർപ്പ് കൊണ്ടുപോരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

186. ഉള്ളായത്തിൽ പള്ളിയോഗജനങ്ങൾക്ക്. നിങ്ങളുടെ അപേക്ഷപ്രകാരം മേമാത്തിൽ അച്ചനെ ആ പള്ളി വികാരിയായി നിയമിച്ചിരിക്കുന്നു എന്നും മറ്റും. കല്ലറയ്ക്കൽ അക്കു വർഗീസിനെയും കക്കുഴിയിൽ പാത്തു മാത്തുവിനെയും പീടിക പുഞ്ചമാലിൽ പെരുമാളിനെ കണക്കനായും നിയമിച്ചിരിക്കുന്നു എന്നു. ടി തീയതി. ടി സ്ഥലം.

187. വയലപ്പള്ളിൽ സ്കറിയാ കത്തനാർക്ക്. ഉള്ളായത്തിൽ പള്ളിയിലേക്കു മേമാത്തിലച്ചനെ നിയമിച്ചതുകൊ...

188. കക്കുടിയിൽ മാത്യൂസ് കത്തനാർക്ക്. ആ പള്ളി കപ്യാരായിരിക്കുന്ന തൊമ്മി മൂപ്പനു ... ചെയ്യണമെന്നും മറ്റും വിവരത്തിനും. 1096 മീനം 9-നു പെരിശ്ശേരി പള്ളി.

189. താഴത്തെപീടികയിൽ അലക്സന്ത്രയോസ് കത്തനാർക്കു. അവിടുത്തെ ഇംഗ്ലീഷു സ്കൂളിലേക്കു വരുന്ന കൊല്ലം ഒരു ഡ്രോയിങ് മാസ്റ്റർ ആവശ്യമാകയാൽ ആ വകയ്ക്കു മല്ലപ്പള്ളിൽ പാലപറമ്പിൽ ചാക്കോയുടെ മകനെ നിയമിക്കണമെന്നു. 1096 മീനം 10-നു പെരിശ്ശേരി പള്ളി.

190. മേമാത്തിൽ സ്കറിയാ കത്തനാർക്ക്. തന്നെ പള്ളിക്കാരുടെ അപേക്ഷ അനുസരിച്ച് ഇനിയൊരു കല്പനയുണ്ടാകുന്നതുവരെ ഉള്ളായത്തിൽ പള്ളി വികാരിയായി നിയമിച്ചിരിക്കുന്നു. ടി തീയതി. ടി സ്ഥലം.

191. കിഴക്കേത്തലയ്ക്കൽ തോമസു കത്തനാർക്ക്. പണപിരിവിനെ സംബന്ധിച്ചും അവിടുത്തെ ചിട്ടിവഴക്കിനെ സംബന്ധിച്ചും. 1096 മീനം 11-നു പെരിശ്ശേരി പള്ളിയിൽ നിന്നും.

192. വല്യമണ്ണിൽ യോഹന്നാൻ കത്തനാർക്ക്. മുടക്കപ്പെട്ടവന്റെ കുട്ടിയെ മാമോദീസാ മുക്കുന്ന കാര്യം പീലക്സിനോസ് മെത്രാച്ചനെ അധികാരപ്പെടുത്തിയിരിക്കുന്നു എന്നു. 1096 മീനം 11-നു. പെരിശ്ശേരി പള്ളി.

193. മട്ടയ്ക്കൽ മല്പാന്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

**1096 മീനം 11-നു മൂന്നു മണിയോടു കൂടി പെരിശ്ശേരിയിൽ നിന്നു തിരിച്ചു മേനാവു മാർഗ്ഗം ഇടവങ്കാടുപള്ളിയിൽ എത്തി.**

194. ബുധനൂർ പള്ളിക്കാർക്കു. അങ്ങോട്ടുള്ള നമ്മുടെ യാത്രയെ സംബന്ധിച്ചു ആലോചിച്ച് തീർച്ചപ്പെടുത്തുവാൻ വേണ്ടി നാളെ ദിവസം ഇവിടെ വന്നു ചേരണം. 1096 മീനം 12-നു. ഇടവങ്കാടു പള്ളി.

195. മാവേലിക്കര കല്ലിമേൽ പള്ളിക്കാർക്ക്. കഴിഞ്ഞ കൊല്ലത്തെ മുതൽ കെട്ടുകാരനായ കിഴക്കേവീട്ടിൽ കോരുള ഗീവറുഗീസിനെയും കണക്കെഴുത്തുകാരനായ വല്യവീട്ടിൽ ഈശോ ചോനായേയും പള്ളി പണിയുടെ സൗകര്യം പ്രമാണിച്ചു ഈയാണ്ടത്തേക്കു കൂടി നിങ്ങളുടെ അപേക്ഷയനുസരിച്ചു നിയമിച്ചിരിക്കുന്നു എന്നും പള്ളിപണിക്കു വേണ്ടി എല്ലാവരും സഹകരിക്കണമെന്നും. 1096 മീനം 15-നു. ഇടവങ്കാട്ടു പള്ളി.

**1096-ാമാണ്ടു മീന മാസം 16-നു ഉച്ചകഴിഞ്ഞ് 4 മണിക്ക് ശേഷം ഇടവങ്കാട്ടു പള്ളിയിൽ നിന്നും മേനാവു വഴി ബുധനൂർ പള്ളിയിൽ എത്തി.**



196. കൊച്ചുമെത്രാച്ചന്. വർത്തമാനങ്ങൾക്കും. സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ സിക്രട്ടറിയായി പത്രോസ് ശെമ്മാച്ചനെ വച്ചുകൊണ്ടു കോൺഫ്രൻസ് ബാലികാമഠത്തിൽ വച്ചു നടത്തരുതെന്നു ഈപ്പൻ വക്കീലിന്റെ പേർക്കു എഴുതിയിട്ടുണ്ടെന്നും മറ്റും. 1096 മീനം 19-നു. ബുധനൂർ പള്ളി.

197. ചാക്കോ സൂപ്രണ്ടിന്. ഉദ്യോഗപ്പകർച്ചയെയും തൃശിവപേരൂർ ലഹളയേയും സംബന്ധിച്ച് വിവരം അറിയിച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

198. സി. പി. വറിയതിന്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

199. ശങ്കരത്തിൽ മത്തായി ശെമ്മാച്ചന്. തന്നെക്കുറിച്ചു ... പശ്ചാത്താപം കേട്ടതിൽ സന്തോഷമുണ്ടെന്നും പുതക്കുഴിയിൽ അച്ചന്റെ കൂടെ പോയി പഠിക്കുന്നതിനു അനുവദിച്ചും. ടി തീയതി. ടി സ്ഥലം.

200. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും.

നമ്മുടെ ഇടവങ്കാടു പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, ഈ മാസം 11-നു മുതൽ 16-നു വരെ നാം ആ പള്ളിയിൽ താമസിച്ചിരുന്ന ദിവസങ്ങളിൽ നിങ്ങൾ നമ്മുടെ മുമ്പാകെ യോഗം കൂടി ആ പള്ളി സംബന്ധമായും മറ്റുമുള്ള ചില സംഗതികളെക്കുറിച്ചു ആലോചിച്ച കൂട്ടത്തിൽ നമ്മുടെ കീനത്തലതറയ്ക്കൽ മത്തായി കത്തനാരെ ആ പള്ളിയുടെ ഇടവകപട്ടക്കാരിൽ ഒരുവനായി നിയോഗിക്കണമെന്നുള്ള നിങ്ങളുടെ ആഗ്രഹം മൂലം അവിടുത്തെ പതിവനുസരിച്ച് വെറ്റിലക്കെട്ടും പുകയിലയും നൂറ്റിഒന്നു രാശി ... വയ്പിച്ചു അദ്ദേഹത്തെ സ്വീകരിക്കുകയും ആ പള്ളിക്കായി അയാൾക്കു പട്ടക്കടലാസും കല്പനയും കൊടുത്തു അയാളെ ... ഇടവകപ്പട്ടക്കാരിൽ ഒരുവനായി നിയമിച്ചിരിക്കുന്നതിനാൽ മേലാൽ ഇടവകപട്ടക്കാരനായി അയാളെ അംഗീകരിച്ച് അതിനുള്ള അവകാശങ്ങൾ കൊടുത്തുകൊള്ളുകയും പള്ളി കർമ്മാദികളും ... ആത്മീയ ദിഷ്ടതികളും അയാളെക്കൊണ്ടു നടത്തിച്ചുകൊള്ളുകയും വേണം. ഇപ്പോൾ ആ ഇടവകയ്ക്കു വികാരിയും ഇടവകപട്ടക്കാരനും ആയ ഉരുളിപ്രത്തു കോശി കത്തനാരും ... മത്തായി കത്തനാരും ഇങ്ങനെ രണ്ട് ഇടവകപട്ടക്കാർ ഉള്ളതിനാൽ അവരിരുവരും ഓരോ ആഴ്ച വീതമുറ അനുസരിച്ചു കർമ്മാദികൾ നടത്തിക്കൊള്ളേണ്ടതും വികാരിയുടെ ... കോശി കത്തനാർ തന്നെ നടത്തിക്കൊള്ളേണ്ടതും ... അയാൾക്കു കൊടുത്തുകൊള്ളേണ്ടതും ആണ്. ശ്രാദ്ധം, ശ്രാദ്ധ കുർബ്ബാന, കൂട്ടനേർച്ച, നേർച്ച കുർബ്ബാന, രോഗികളുടെ തൈലാഭിഷേകം ഇവകൾക്കുള്ള വരുമാനങ്ങൾ അതാതാഴ്ചയിലെ വീതക്കാരായ പട്ടക്കാർക്കു ഇരിക്കേണ്ടതും ശേഷമുള്ള സകല പട്ടത്വവരുമാനങ്ങളും പട്ടക്കാർ ഇരുവരും ഭാഗിച്ചു എടുത്തുകൊള്ളേണ്ടതും എന്നാൽ മൂപ്പും വികാരിയുമായ ഉരുളിപ്രത്തു കോശി കത്തനാർക്ക് ഒരു രൂപായ്ക്കു ഒരുപണം വീതം മൂപ്പവകാശമായി വിശേഷാൽ കൊടുത്തുകൊള്ളേണ്ടതും മൂപ്പവകാശം നീക്കി ബാക്കിവരുന്ന പട്ടത്വവരുമാനങ്ങൾ മുഴുവനും ടി പട്ടക്കാർ ഇരുവരും ഒന്നുപോലെ ഭാഗിച്ചു എടുത്തുകൊള്ളേണ്ടതും ആകുന്നു. ആ ഇടവകയിൽ പട്ടക്കാർക്കുള്ള വരുമാനങ്ങൾ വളരെക്കുറവായി കാണപ്പെടുന്നതിനാൽ അതിലേക്കൊരു പരിഹാരാർത്ഥമായി ആ ഇടവകയിലുള്ള എല്ലാ ഭവനക്കാരിൽ നിന്നും മാസം നാഴിയരിയിൽ കുറയാതെ അതാതു ഭവനത്തിന്റെ ശക്തിയും ഭക്തിയും അനുസരിച്ച് പിരിച്ചെടുത്ത് (1) പിടിയരി (2) ധർമ്മരി ശേഷം പട്ടക്കാർക്കു ... അനുവദിച്ചിരിക്കുന്നതിനാൽ അതു പതാരം ... നടത്തിക്കൊള്ളാമെന്ന് മത്തായി കത്തനാർ സമ്മതിച്ചു പറഞ്ഞു എങ്കിലും അതിനു പകരം അറുപത്തഞ്ചു രൂപാ പതിനാറു ചക്രം പള്ളിക്കു കൊടുത്താൽ മതിയാകുമെന്ന് യോഗം അഭിപ്രായപ്പെടുകകൊണ്ട് ടി സംഖ്യയ്ക്കു ടി മത്തായി കത്തനാര് പള്ളി മുതൽപിടിക്കാരന്റെ പേർക്കു ഒരു കടപ്പത്രം എഴുതിക്കൊടുക്കേണ്ടതും ആയതു കൊടുത്തു തീരുന്നതുവരെ ടി മത്തായി കത്തനാർക്കു മേലാൽ പസാരവകയായി കൊടുക്കേണ്ടതായി വരുന്ന സംഖ്യ കൊടുക്കാതെ മേല്പറഞ്ഞ സംഖ്യ തീരുന്നതുവരെ ടിയാന്റെ പത്തര ഓഹരി പള്ളിക്കായി വകവച്ചു എടുത്തുകൊള്ളേണ്ടതും ആകുന്നു. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയക്കുന്നതാണ്. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കട്ടെ. എന്നു 1921-നു കൊല്ലം 1096-ാമാണ്ടു മീന മാസം 19-നു ഇടവങ്കാട്ടു പള്ളിയിൽ നിന്നും.

201. ബുധനൂർ പള്ളിക്കാർക്ക്. പ്രിയരെ, കഴിഞ്ഞ ചൊവ്വാഴ്ച മുതൽ ഇന്നേ ദിവസം വരെ ഈ പള്ളിയിൽ താമസിച്ചിരുന്ന ദിവസങ്ങളിൽ നിങ്ങൾ ഇവിടെ വച്ചു നമ്മുടെ മുമ്പാകെ യോഗം കൂടി ഈ പള്ളി സംബന്ധമായ സംഗതികളെ സംബന്ധിച്ച് ആലോചിക്കയും നിശ്ചയിക്കയും ചെയ്തതനുസരിച്ച് അവയുടെ സ്ഥിരതയ്ക്കായി ഈ കല്പന നിങ്ങൾക്കു നാം എഴുതുന്നതാണ്. ഇവിടുത്തെ വരുമാനക്കുറവു നിമിത്തം എല്ലാ ആഴ്ചയും വി. കുർബ്ബാന മുടക്കം കൂടാതെ നടത്തിക്കുന്നില്ലെന്നറിയാമല്ലോ. ആകയാൽ രണ്ടാഴ്ചയെങ്കിലും ... നടത്തിക്കണമെന്നും ..... അപേക്ഷപ്രകാരം നാം അനുവദിച്ചിരിക്കുന്നതിനാൽ നമ്മുടെ പൂവത്തൂർ മൂപ്പച്ചനെയും ഉരുളിപ്രത്തു കത്തനാരെയും കൊണ്ടു മേൽപറഞ്ഞപ്രകാരം ഒന്നിടവിട്ട ആഴ്ച വി. കുർബ്ബാന മുതലായ കർമ്മാദികളും നിങ്ങളുടെ സകല ആത്മിക ദിഷ്ടതികളും മുടക്കം കൂടാതെ നടത്തിച്ചുകൊള്ളുകയും നിങ്ങളുടെ പട്ടക്കാരുമായി പറഞ്ഞു സമ്മതിച്ചിരിക്കുന്നപ്രകാരം ഓരോ ആഴ്ചയ്ക്കു ഒന്നേമുക്കാൽ രൂപാ വീതം ശമ്പളം അവർക്കു കൊടുത്തുകൊള്ളുകയും മാസത്തിൽ ഒരാഴ്ച തന്നെ വീഴ്ച കൂടാതെ ക്രമമായി നടക്കുന്നതിന് നമ്മുടെ പൂവത്തൂർ മൂപ്പച്ചന് സൗകര്യമില്ലാത്തതിനാൽ അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഉരുളിപ്രത്തു കോശി കത്തനാരെകൊണ്ടുതന്നെ

**വിശേഷിച്ചും പട്ടക്കാർക്കു നിശ്ചയിച്ചിരിക്കുന്ന ശമ്പളം കൂടാതെ കുറിപ്പണവും, കല്യാണങ്ങൾക്കു ഓരോ രൂപാ വീതവും, നോമ്പു വീടിക ദിവസങ്ങളിൽ ഉണ്ടാകുന്ന കാണിക്ക വരുമാനവും, കുർബ്ബാനപ്പണങ്ങളും ശ്രാദ്ധ നേർച്ച ഇവകൾക്കുള്ള കയ്യസൂരിയിൽ ഒരംശവും മുൻ പതിവനുസരിച്ചു പട്ടക്കാർക്കു കൊടുത്തുകൊള്ളണം.**

വീഴ്ച കൂടാതെ നടത്തിച്ചുകൊള്ളുകയും ചെയ്യണം. നിങ്ങൾ നമ്മുടെ മുമ്പാകെ സമർപ്പിച്ച യോഗകുറി അനുസരിച്ചു നിങ്ങളിൽ കൊച്ചാലുംമൂട്ടിൽ അവിരായുടെ മകൻ ശമുയേൽ എന്ന കുട്ടിക്കു ഇന്ന് ഇവിടെവച്ച് നാം കോറൂയോ പട്ടം കൊടുത്തു ഈ ഇടവകപട്ടക്കാരനായി നിയമിച്ചിരിക്കുന്നതിനാൽ ഇന്നു മുതൽ മേലാൽ ടി കോറൂയോ ശമുയേലിന് പള്ളിക്കായി ശേഖരിക്കുന്ന കല്യാണങ്ങൾക്കുള്ള പതാരം, കയ്യസൂരി ഈ വരുമാനങ്ങളിൽ മൂന്നൊന്ന് ടി കോറൂയോ ശമുയേലിന്റെ അവകാശമായി കൊടുത്തുകൊള്ളുകയും പുലകുളി അടിയന്തിരങ്ങൾക്ക് കോറൂയോ ശമുയേലിന് ഒരു പ്രത്യേക കൈയ്യസൂരി വാങ്ങി കൊടുത്തുകൊള്ളുകയും ചെയ്യണം. ഇപ്പോൾ ഈ പള്ളിയുടെ മുതൽകെട്ടു ജോലിയും കണക്കെഴുത്തുജോലിയും ... കുര്യൻ ...നെയും ഇനിയൊരു കല്പന അയക്കുന്നതുവരെ ടി ചുമതലകൾ നടത്തിക്കണമെന്ന് നിങ്ങൾക്കുള്ള അപേക്ഷയെ നാം അനുവദിച്ചിരിക്കുന്നതിനാൽ അവരെക്കൊണ്ടു അവരുടെ ചുമതലകളെ വേറൊരു കല്പന അയക്കുന്നതുവരെ ക്രമമായി നടത്തിച്ചു കൊള്ളുകയും അവരിൽ മുതൽകെട്ടുകാരനായ നെടുവത്തുകുന്നിൽ ചെറിയാനെക്കൊണ്ട് ഇതിലേക്കു ഒരു രജിസ്റ്റർ പ്രമാണം എഴുതിച്ചുകൊള്ളുകയും വേണം. ശേഷം കാര്യങ്ങൾക്കു നാം കല്പന അയക്കുന്നതുമാണ്.

വിശേഷിച്ചും പട്ടക്കാർക്കു നിശ്ചയിച്ചിരിക്കുന്ന ശമ്പളം കൂടാതെ കുറിപ്പണവും, കല്യാണങ്ങൾക്കു ഓരോ രൂപാ വീതവും, നോമ്പു വീടിക ദിവസങ്ങളിൽ ഉണ്ടാകുന്ന കാണിക്ക വരുമാനവും, കുർബ്ബാനപ്പണങ്ങളും ശ്രാദ്ധ നേർച്ച ഇവകൾക്കുള്ള കയ്യസൂരിയിൽ ഒരംശവും മുൻ പതിവനുസരിച്ചു പട്ടക്കാർക്കു കൊടുത്തുകൊള്ളണം. സർവ്വശക്തനായ....

എന്നു 1921-നു കൊല്ലം 1096-മാണ്ടു മീന മാസം 20-നു ബുധനൂർ പള്ളിയിൽ നിന്നും.

**1096 മീനം 20-നു ശനിയാഴ്ച 4 മണിയോടു കൂടി ബുധനൂർ പള്ളിയിൽ നിന്നും ഇടിനായരുടെ കടവിൽ വന്നു വള്ളം കയറി പരുമല സിമ്മനാരിയിൽ എത്തി.**

202. തെങ്ങുന്തോട്ടത്തിൽ അബ്രഹാം ശെമ്മാശന്. മതാപ്പാറ, അയിരൂർ, ചെറിയ പുത്തൻപള്ളി, കാട്ടൂർ, വയലത്തല, ഈ ഇടവകകളിലെയും വഞ്ചിത്ര, പരിയാരത്തു പുത്തൻപള്ളി ഈ ഇടവകകളിലെയും പണപിരിവിനു താൻ ഉത്സാഹിച്ചു പണം പിരിച്ചു ഏല്പിക്കണമെന്നും മറ്റും. 1096 മീനം 23-നു പരുമല സിമ്മനാരിയിൽ നിന്നും.

203. പര്യാരത്തു പുത്തൻപള്ളിക്കാർക്കു. അവിടുത്തെ പിരിവു വകയിൽ അവിടെ പിരിഞ്ഞിരിപ്പുള്ളതും പിരിയാനുള്ളതും ശേഖരിച്ചു ഈ കല്പനയും കൊണ്ടുവരുന്ന അയ്പ്പിന്റെ പക്കൽ കൊടുത്തയക്കണമെന്നു. 1096 മീനം 24-നു. പരുമല സിമ്മനാരി.

204. ... പള്ളിക്കാർക്ക്. കല്പനയും കൊണ്ടുവരുന്ന അയ്പ്പിന്റെ വശം പിരിഞ്ഞ പണം കൊടുത്തയക്കണമെന്നു. ടി തീയതി. ടി സ്ഥലം.

205. കുതിക്കവട്ടത്തിൽ അലക്സന്ത്രയോസ് കത്തനാർക്ക്. പണം പിരിച്ചു തെങ്ങുന്തോട്ടത്തിൽ അബ്രഹാം ശെമ്മാച്ചൻ വശം അയച്ചുതരണമെന്ന്. ടി തീയതി. ടി സ്ഥലം.


206. വയലത്തല പള്ളിക്കാർക്കു. പണം പിരിച്ചു തെങ്ങുന്തോട്ടത്തിൽ അബ്രഹാം ശെമ്മാശൻ വശം അയച്ചുതരണമെന്ന്. 1096 മീനം 24. പരുമല സിമ്മനാരി.

207. കാട്ടൂർ പള്ളിക്കാർക്ക്. പണം പിരിച്ചു തെങ്ങുന്തോട്ടത്തിൽ അബ്രഹാം ശെമ്മാച്ചൻ വശം അയച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

208. കൂളിയാട്ടിൽ സ്കറിയാ കത്തനാർക്കു. പുതിയ പള്ളി സ്ഥാപനയെ സംബന്ധിച്ചു വന്ന ... വേണ്ടതു പറഞ്ഞയച്ചിട്ടുണ്ടെന്നും മറ്റും. 1096 മീനം 25-നു. പരുമല സിമ്മനാരി.

**സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്**

വിശ്വാസ പഠനം



# 'വി. കുർബ്ബാന ധ്യാനം': ഒരു ആസ്വാദന പഠനം


ഡോ. ഗീവർഗീസ് മാർ യൂലിയോസ്

## 1905 കന്നി മാസത്തിൽ കുന്നംകുളത്തു നിന്നും പ്രസിദ്ധീകരിക്കപ്പെട്ട പനയ്ക്കൽ യാക്കോബു കത്തനാർ രചിച്ച 'വി. കുർബ്ബാന ധ്യാനം': ഒരു ആസ്വാദന പഠനം.

**'വി. കുർബ്ബാന ധ്യാനം' (തുടർച്ച)**

പള്ളിമണിയുടെ ആത്മനാദം ശ്രവിച്ച് ഒരുക്കത്തോടെ പള്ളിയിലെത്തി തല വണക്കി പ്രാർത്ഥിച്ച് അകത്തു പ്രവേശിക്കുന്ന ഭക്തൻ ദൈവാലയഭാഗങ്ങൾ കണ്ട് ധ്യാനപൂർവ്വം അവയുടെ അർത്ഥതലങ്ങൾ ഉൾക്കൊള്ളുവാൻ ശ്രമിക്കുന്നതാണ് രണ്ടാം അദ്ധ്യായത്തിലെ പ്രതിപാദ്യം.

"ഞാൻ ദേവാലയത്തിന്റെ ഉള്ളിൽ കടന്ന് ഹൈക്കലായുടെ അരികെ നിന്നുകൊണ്ട് വി. മദ്ബഹായിലേക്ക് നോക്കിയപ്പോൾ അത് കാണുവാൻ കഴിയാത്തതുപോലെ തിരശീലയാൽ മൂടപ്പെട്ടതായി കണ്ട് എന്നിങ്ങനെ ഈ അദ്ധ്യായം ആരംഭിക്കുന്നു. അപ്പോൾ 'തിരുനിവാസത്തിന്മേൽ മൂടുവരിയായി കോലാട്ടുരോമം കൊണ്ടുള്ള മൂടുശീലകൾ ഉണ്ടായിരുന്നു' (പുറ. 36:14) എന്ന വചനം ഓർത്ത് ധ്യാനിച്ചു. അവിടെ നിന്നും ദൂതന്മാരുടെ ആരവം കണക്കെ അപ്പോൾ രാഗങ്ങളും ഗാനങ്ങളും ഉയർന്നുവന്നുവെന്നും ആയത് തന്റെ ധ്യാനത്തിന് ഏറെ ഉപകരിച്ചുവെന്നും അദ്ദേഹം സാക്ഷിക്കുന്നു.




(സാങ്കേതിക വിദ്യകളുടെ അപക്വമായ ഉപയോഗംകൊണ്ട് കാതടപ്പിക്കുന്ന ശബ്ദങ്ങളും കണ്ണുപൊട്ടിക്കുന്ന വെളിച്ചങ്ങളും മദ്ബഹായിൽ നറഞ്ഞാടുന്ന ഇക്കാലത്തിനു മുമ്പെ ഈ ഭക്തൻ കാലഗതി പൂകിയത് അദ്ദേഹത്തിന്റെ ഭാഗ്യം.)

ദേവാലയത്തിൽ പ്രാകാരം, ശുദ്ധസ്ഥലം, ശുദ്ധതകളുടെ ശുദ്ധസ്ഥലം എന്നിങ്ങനെ മൂന്നു സ്ഥലങ്ങൾ ഉണ്ടെന്നു അവയുടെ ആശയ-അർത്ഥതലങ്ങളും തിരുവചന അടിസ്ഥാനത്തിൽ ഭക്തൻ ഗ്രഹിക്കുകയും ചെയ്തു. "ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കെയും പുറത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു" എന്നു വി. ലൂക്കോസിന്റെ സാക്ഷ്യവും (1:10) "രണ്ടാം തിരശീലയ്ക്കു പിന്നിലോ അതിവിശുദ്ധം എന്ന കൂടാരം ഉണ്ടായിരുന്നു"വെന്ന എബ്രായലേഖന കർത്താവിന്റെ വിവരണവും (9:3) കാര്യഗ്രഹണത്തിന് തന്നെ സഹായിച്ചു.

മിക്കവാറും യെരുശലേം ദൈവാലയത്തിന്റെ തനിപകർപ്പുപോലെയാണ് ആർത്താറ്റ് പള്ളിയുടെ പ്രാകാരവും ശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും ഇന്നും കാണപ്പെടുന്നത് എന്ന് ആ ദേവാലയത്തിൽ വി. മാമോദീസാ സ്വീകരിച്ച് വളരുകയും ദൈവകൃപയാൽ ആ ദേവാലയം ആസ്ഥാനമായുള്ള കുന്നംകുളം മെത്രാസനത്തിന്റെ മേല്പട്ടക്കാരനായി ഇന്ന് ഇരിക്കുവാനും കഴിയുന്ന ബലഹീനനായ എനിക്ക് സാക്ഷിക്കുവാൻ കഴിയും. ഇന്നും രണ്ട് മറശീലകൾ (ശുദ്ധസ്ഥലത്തിനും അതിവിശുദ്ധസ്ഥലമായ മദ്ബഹായ്ക്കും) ഉള്ള അപൂർവ്വം ദേവാലയങ്ങളിൽ ഒന്നാണ് ആർത്താറ്റ് പള്ളി. ആദ്യമറശീലയ്ക്ക് ഇപ്പോൾ പ്രായോഗിക ഉപയോഗം ഇല്ലാത്തതിനാൽ ആയത് ഇരുവശങ്ങളിലേക്കും തുറന്ന് കെട്ടിവച്ചിരിക്കുന്നതു കാണാം. പൂർണ്ണമായി അഴിച്ചു മാറ്റാം എന്ന ചിന്ത വന്നപ്പോൾ പ്രതീകാത്മകമായ ആ പൗരാണീകത നിലനിർത്തുന്നത് നല്ലതാണെന്ന് മുൻഗാമികൾ കല്പിക്കുകയും പുതിയ ശീലകൾ ഇപ്പോഴും അവിടെ വഴിപാടായി വരുകയും അവ ഉപയോഗിക്കുകയും ചെയ്തുവരുന്നു എന്ന നേർസാക്ഷ്യവും ഇവിടെ രേഖപ്പെടുത്തട്ടെ.

ഇരുവശങ്ങളിലേക്കായി തുറന്നിട്ടിരിക്കുന്ന മറ യെരുശലേം ദേവാലയത്തിലെ കീറപ്പെട്ട് വശങ്ങളിലേക്ക് മാറ്റപ്പെട്ട മറയുടെ പ്രതീകമാകുന്നുവെന്നും അത് പഴയനിയമത്തെ സൂചിപ്പിക്കുന്നുവെന്നും അതിവിശുദ്ധസ്ഥലത്തിന് മുമ്പിൽ അടഞ്ഞുകിടക്കുന്ന മറ പുതിയ നിയമത്തിന്റെ പ്രതീകമാകുന്നുവെന്നും "ഞാൻ ന്യായപ്രമാണത്തേയും ദീർഘദർശിമാരേയും ഇല്ലായ്മ ചെയ്യാനല്ല അവയെ നിവർത്തിപ്പാനും" (മത്തായി 5:17) പൊരുൾ തിരിക്കുവാനുമാണ് വന്നത് എന്ന് കർത്തൃവചനം ഭക്തൻ ധ്യാനിക്കുന്നു. "പഴയ കാര്യങ്ങൾ ഒക്കെയും കഴിഞ്ഞുപോയി; കണ്ടാലും സകലവും പുതുതായിരിക്കുന്നു" (2 കോരി. 5:17) എന്ന പ. പൗലൂസ് ശ്ലീഹായുടെ വെളിപ്പെടുത്തലും അവൻ ഓർക്കുന്നു. 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (റോമർ 1:17) എന്ന പ്രമാണപ്രകാരം നാമും ശുദ്ധിയിൽ നിന്നും അതിവിശുദ്ധിയിലേക്ക് വളരണമെന്ന സന്ദേശം, പ്രാകാരം, ശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്ന ക്രമീകരണത്തിലും അതിനിടയിലെ മറശീലകളിലും ഉൾക്കൊണ്ടിരിക്കുന്നുവെന്നും അങ്ങനെയുള്ള ആത്മീയ വളർച്ചയിൽ മാത്രമേ പ്രകാശങ്ങളുടെ മദ്ധ്യേ ഇരിക്കുന്ന ജീവവൃക്ഷമാകുന്ന വി. സ്ലീബായിൽ നിന്നു ഫലങ്ങളെ പറിച്ചു തിന്നു ആനന്ദിപ്പാൻ കഴിയുകയുള്ളു എന്നും മനസ്സിലാക്കുന്ന ഭക്തൻ ഉടൻ ധ്യാനത്തിലേക്ക് പ്രവേശിക്കുന്നു!

"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിൻമേൽ തേജസ്സ് പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരി. 3:18) എന്ന വാക്യം ധ്യാനത്തിനായി ആത്മാവ് വെളിപ്പെടുത്തിയപ്പോൾ ദേവാലയത്തിലെ സ്ഥലഭേദങ്ങൾ നിന്റെ ആത്മവളർച്ചയുടെ പ്രതീകമായിരിക്കണം എന്ന സന്ദേശവും അദ്ദേഹത്തിന് ലഭിക്കുന്നു.

'ഒരു നദിയുണ്ട്, അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ തന്നെ, സന്തോഷിപ്പിക്കുന്നു. ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്; അതു കുലുങ്ങിപ്പോകയില്ല; ദൈവം അതികാലത്തു തന്നേ അതിനെ സഹായിക്കും" എന്ന സങ്കീർത്തനവാക്യങ്ങൾ 46:4-5) ധ്യാനിച്ചപ്പോൾ ദൈവ

സന്നിധിയിൽ നിന്നും ഒഴുകുന്ന പരിശുദ്ധാത്മ നദിയിൽ നിന്നെ കുളിപ്പിച്ചു, അലക്കി മാറിയ അങ്കികളെ നിന്നെ ഉടുപ്പിച്ചിരുന്നുവല്ലൊ' എന്ന് താൻ ഏറ്റ വി. മാമോദീസായുടെ നിറവിനെ ഓർക്കുവാനും 'ആകയാൽ' നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ" (വി. മത്തായി 5:48) എന്ന പുത്രന്റെ അനുഗ്രഹ ആഹ്വാനം ഉൾകൊണ്ട് ജീവിതം പ. ആത്മകൃപയാൽ നിറഞ്ഞതായിരിക്കണമെ എന്നും പ്രാർത്ഥിച്ചു.

വിശുദ്ധ സ്ഥലത്ത് എത്ര അശുദ്ധപ്പെട്ട മനോവികാരങ്ങളോടുകൂടിയാണ് താൻ ആയിരിക്കുന്നത് എന്ന ചിന്ത ഭക്തനെ ദുഃഖിപ്പിക്കുകയും അപ്പോൾ അവൻ അനുതാപത്തോടെ തലതാഴ്ത്തി പ്രാർത്ഥിക്കുകയും അനുതാപത്തിന്റെ ഏഴ് മസുമുറാകളും (സങ്കീർത്തനങ്ങൾ: 6, 32, 38, 51, 102, 130, 143) മനസ്സറിഞ്ഞ് ചൊല്ലി ധ്യാനിച്ചപ്പോൾ തന്നിലെ പാപബോധം വർദ്ധിക്കുകയും ഒപ്പം ലോകപ്രകാരമല്ലാത്ത ഒരു ആശ്വാസം താൻ അനുഭവിക്കുന്നതായും അവന് അനുഭവപ്പെട്ടു! വി. കുമ്പസാരത്തിന്റെയും അതിലൂടെയുള്ള പാപമോചനത്തിന്റെയും അർത്ഥവും ആവശ്യകതയും ഇവിടെ ഭക്തന് പൂർണ്ണമായും ബോധ്യമാകുന്നു.

വി. കുർബ്ബാനയിൽ സംബന്ധിക്കുകയും, പ്രത്യേകിച്ച് വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നതിനു മുമ്പ് നമ്മിൽ പാപബോധം ഉണ്ടാകുവാനും ഏറ്റുപറയേണ്ടവ ഉണ്ടെങ്കിൽ അവ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുവാനും പുരോഹിതൻ ദൈവചിന്തയിൽ നിന്നും നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ ചെയ്യുന്നതിനും നാം ബദ്ധശ്രദ്ധയുള്ളവരായിരിക്കണം എന്ന കാര്യം ഇവിടെ ബ.അച്ചൻ ഓർപ്പിക്കുന്നു. എന്നാൽ ഇപ്പോൾ അനുതാപത്തിന്റെ പ്രാർത്ഥനകൾ ചൊല്ലി കുമ്പിടുകയോ, ആത്മാർത്ഥമായ കുമ്പസാരം നടത്തുകയോ ചെയ്യുന്നവർ കുറഞ്ഞുപോകുന്നുവോ എന്ന് നാം ചിന്തിക്കണം. മേല്പറഞ്ഞവക്കെല്ലാം പകരം കാപ്പയിട്ടു വി. കുർബ്ബാന അർപ്പിക്കുവാൻ തയ്യാറായി നിൽക്കുന്ന പുരോഹിതന്റെ അടുക്കലേക്ക് ഓടിചെന്ന് തല കാണിച്ചുകൊടുത്താൽ അദ്ദേഹം 'തലക്കുപിടിക്കും' (ഹൂസോയോ) അതിലൂടെ 'എല്ലാം ശരിയാകും' എന്ന മിഥ്യാധാരണ സഭയിൽ സാർവ്വത്രികമായിരിക്കുന്നതായി കാണുന്നു! വി. കുർബ്ബാനയെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്നവർ എങ്കിലും തിരുത്തുകയും തിരുത്തുവാൻ തലമുറകളെ പഠിപ്പിക്കുകയും ചെയ്യുവാൻ ശ്രമിക്കണം.

വി. കുർബ്ബാനയ്ക്കായി വരുന്നവർ വേണ്ടത്ര ഒരുക്കമില്ലാതെ വരുകയും ദേവാലയത്തിനകത്ത് ഭക്തിയില്ലാതെ പെരുമാറുകയും ചെയ്യുന്നതു കണ്ട് ഭക്തൻ സഹ്കടപ്പെടുകയും ആത്മരോഷം കൊള്ളുകയും ചെയ്യുന്നുണ്ട്. "എന്റെ ആലയം പ്രാർത്ഥനാലയമാകുന്നു. നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു" (മത്തായി 21:13) എന്ന കർത്തൃവചനത്തിലെ പ്രവചനശബ്ദം അദ്ദേഹം ഓർക്കുന്നു.

അനേകം ദൈവവചനങ്ങൾ തന്നിലേക്ക് ഓരോന്നായി ധ്യാനചിന്തയായി വന്നുകൊണ്ടിരിക്കുന്നു: "ദൈവാലയത്തിലേക്ക് പോകുമ്പോൾ നിന്റെ കാൽ സൂക്ഷിക്കുക; മൂഢന്മാർ യാഗം അർപ്പിക്കുന്നതിനെക്കാൾ അടുത്തുചെന്നു കേൾക്കുന്നതു നല്ലതു; പരിജ്ഞാനമില്ലായ്കയാൽ അവർ ദോഷം ചെയ്യുന്നു" (സഭാപ്രസംഗി 5:1) എന്ന വചനധ്യാനം നീ സ്തോത്രബലികളെ കഴിപ്പാൻ ഒരുങ്ങിയാണോ നിൽക്കുന്നത്? എന്ന ചോദ്യം എന്നിൽ ശക്തിപ്പെട്ടു. "നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക; സങ്കീർത്തനങ്ങളോടെ അവനു ഘോഷിക്ക" (സങ്കീ. 95:2) എന്ന വാക്യവും "ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ" (ഉല്പത്തി 28:17) എന്ന ബോധ്യവും ഭക്തനിൽ ഉണ്ടായി.

'നാടോടുമ്പോൾ നടുവെ ഓടുക' എന്ന പഴമൊഴിപോലെ നാട്ടുകാരെ നിന്റെ കപടഭക്തി കാണിക്കുവാനാണോ നീ ദൈവലായത്തിൽ ആയിരിക്കുന്നത്; അതോ, രക്ഷകന്റെ തിരുബലിയിൽ ആനന്ദിപ്പാനായി നീ പ. ആത്മാവിനാൽ ക്ഷണിക്കപ്പെട്ടിട്ടാണോ നിൽക്കുന്നത്? എന്ന ചോദ്യം ഉള്ളിൽ ശക്തിപ്പെട്ടപ്പോൾ 'അതുകൊണ്ട് അനുതാപത്തിൽ നിന്റെ വസ്ത്രങ്ങളെ കഴുകി വിശുദ്ധിയോടെ അതിനെ ധരിച്ച് കൃപാസനത്തിൻ മുമ്പാകെ സന്നദ്ധനായി നിൽക്കുക" എന്ന ആത്മആഹ്വാനം തനിക്ക് ലഭിച്ചു; അതിനായി ആത്മ-ശരീര-മനസ്സുകളെ സൂക്ഷ്മതയോടെ ഒരുക്കുവാൻ ശ്രമിച്ചു.

'ഇങ്ങനെ ഞാൻ ധ്യാനിച്ചു നിൽക്കുമ്പോൾ വി. മദ്ബഹായിലേക്ക് എന്റെ ദൃഷ്ടി പതിഞ്ഞു. അത് തിരശീലയാൽ മറഞ്ഞുകിടന്നതിനാൽ തീരശീലയുടെ പൊരുൾ വീണ്ടും ഞാൻ ധ്യാനിച്ചപ്പോൾ ആത്മാവ് എന്റെ ബോധം തുറന്നു തന്നു. 'ഇതു ആകാശത്തേയും ഭൂമിയേയും തമ്മിൽ വേർതിരിക്കുന്ന ആകാശ വിരിവിനെ" (ഉല്പത്തി 1:8) സൂചിപ്പിക്കുന്നു എന്ന് ഞാൻ ഉറച്ചു. "ഭൂമി രൂപമില്ലാതെ ഇരുളിലും അഥവാ വിശുദ്ധി പ്രകാശം കൂടാതെ മങ്ങിയും (ഉല്പത്തി 1:2) മുൻകൂടാരം നിൽക്കുന്നിടത്തോളം വിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനം വെളിപ്പെടാതെയും കിടന്നിരുന്നുവെന്നും (എബ്രാ. 9:8) എന്നാൽ "കർത്താവ് സീയോൻ പർവ്വതത്തിലെ സകല വാസസ്ഥലത്തിന്മേലും പകലിനു ഒരു മേഘവും പുകയും രാത്രിക്കു അഗ്നിജ്വാലയുടെ പ്രകാശവും സൃഷ്ടിക്കും; സകല തേജസ്സിനും മീതെ ഒരു വിതാനം ഉണ്ടായിരിക്കും" എന്ന യെശയ്യാവിന്റെ (4:5) ദർശനവും ഞാൻ ധ്യാനിച്ചു!

'ദൈവം തരുന്നതുകൊണ്ട് തൃപ്തിപ്പെടുന്ന മനുഷ്യൻ ഭാഗ്യവാനെന്നു' നിരൂപിച്ച് നിൽക്കുമ്പോൾ വലിയ വെളിച്ചങ്ങളുടെ ഇരച്ചിൽപ്പോലെ' സംഗീതങ്ങളുടെയും മണികളുടെയും മറുബാസാകളുടെയും ഒരു വലിയ ആരവം, ഞാൻ നിന്നിരുന്ന സ്ഥലം മുഴങ്ങുവാൻ തക്കവണ്ണം കേട്ടു' എന്നും 'ഉടനെ ഞാൻ എന്റെ പ്രാർത്ഥനാപുസ്തകം വിടർത്തി പ്രാർത്ഥിച്ചതോടെ വി. മദ്ബഹായുടെ തിരശ്ശീല മെല്ലെ നിങ്ങുന്നതു കണ്ടു' എന്ന് ഭക്തൻ സാക്ഷ്യപ്പെടുത്തുന്നതോടെ രണ്ടാം അദ്ധ്യായം അവസാനിക്കുന്നു.

വേദവാക്യങ്ങൾ കോർത്തിണക്കി അതിമനോഹരമായ വിധത്തിൽ തിരശ്ശീലയുടെ അർത്ഥതലങ്ങൾ വിവരിക്കുവാനും ധ്യാനിക്കുവാനും ബ. അച്ചന് ഈ അദ്ധ്യായത്തിൽ സാധിച്ചിരിക്കുന്നു.

വി. മദ്ബഹായിലെ സാമാനങ്ങൾ, പട്ടക്കാരന്റെ വസ്ത്രങ്ങൾ, ധൂപകലശം എന്നിവയുടെ പഠനവും ധ്യാനവുമാണ് മൂന്നാം അദ്ധ്യായത്തിലെ പ്രതിപാദ്യം.

പ്രഭാതസൂര്യന്റെ പ്രസരിപ്പുപോലെയും വിടരുന്ന പൂവിന്റെ ഭംഗിപോലെയും 'തന്റെ മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളനെപ്പോലെ' വി. മദ്ബഹായിൽ സർവ്വാലങ്കാര വിഭൂഷിതനായി ശുശ്രൂഷകരുടെ അണികൾക്കിടയിൽ മണികൾ, മറുബഹാസാകൾ, തിരികൾ, സ്ലീബാ, ധൂപകലശം തുടങ്ങിയവയുടെ നടുവിൽ നിൽക്കുന്ന പുരോഹിതനെ ഭക്തൻ കാണുന്നു. അപ്പോൾ അപ്പവീഞ്ഞുകൾ പൂജിച്ചുവന്നവനായ സമാധാനത്തിന്റെ രാജാവും അത്യുന്നതന്റെ പുരോഹിതനുമായ മൽക്കീസെദേക്കിനെയും (ഉല്പ. 14:18), ന്യാപ്രമാണകാലത്തെ ആചാര്യന്മാരേയും ജനത്തെ ധൂപിപ്പിക്കുന്ന സ്കറിയാ പ്രവാചകനെയും (ലൂക്കോ. 1:9-10) എല്ലാം ഓർക്കുന്ന ഭക്തൻ "നിന്റെ ഭവനത്തിൽ പാർക്കുന്ന ഒരു ദിവസം ആയിരം സംവത്സരങ്ങളേക്കാൾ നല്ലതാകുന്നു; ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനേക്കാൾ ദൈവത്തിന്റെ ആലയത്തിന്റെ വാതിൽ കാവൽക്കാരനായിരിക്കുന്നതു എനിക്ക് ഏറെ ഇഷ്ടം" എന്ന ദാവീദ് നിബിയുടെ സങ്കീർത്തനവും (84:10) ധ്യാനിച്ചു.

തിരശ്ശീല തുറക്കുമ്പോൾ ദൈവം നമ്മുടെ ഹൃദയത്തേയും തുറന്ന് അന്ധകാരം ഉച്ചാടണം ചെയ്യപ്പെടുന്നെങ്കിൽ മാത്രമെ അത്ഭുതകാര്യങ്ങളെ കാണുവാനും അനുഭവിക്കുവാനും കഴിയൂ എന്നതിനാൽ ജാഗരണത്തോടെ നിൽക്കുന്ന ഭക്തൻ ധൂപത്തോടെ വി. ത്രോണോസ്സിനെ ചുറ്റി ജനത്തിന് ധൂപം കാണിച്ചു വരുന്ന പുരോഹിതനെ കണ്ട് 'സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രൻ' എന്നാദിയായ പ്രാർത്ഥന ചൊല്ലി വി. കുർബ്ബാനയിൽ സംബന്ധിച്ചു.

'വി. മദ്ബഹായുടെയും അവിടെയുള്ള സാധനങ്ങളുടെയും പൊരുളുകൾ നിഷ്പ്രയാസം മനസ്സിലാക്കാവുന്നതല്ല എന്നതിനാൽ ദൈവദത്തമായ കൃപാലങ്കാരങ്ങളിൽ തന്റെ സഭയെ സന്തോഷിപ്പിക്കുന്ന പ.ആത്മാവിന്റെ ശക്തിയേയും സ്നേഹത്തേയും ഓർത്തു വിസ്മയിച്ചുകൊണ്ട് താൻ നിന്നു. പട്ടക്കാരൻ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ നീതിയുടെയും വിശുദ്ധിയുടെയും വസ്ത്രങ്ങളാണെന്നും (വെളി. 19:6) ശുശ്രൂഷകരുടെ വസ്ത്രങ്ങൾ വെള്ളനിലയങ്കികൾ (വെളി. 6:11) ആണെന്നും താൻ ധരിച്ചു. പുരോഹിതന്റെ വസ്ത്രങ്ങൾ നമ്മുടെ കർത്താവിന്റെ ചുവപ്പങ്കിയെയോ (യോഹ. 19:2) വരുവാനുള്ള ലോകത്തിലെ അക്ഷയശരീരത്തെയോ (1 കൊരി 15:53) ഒക്കെ പ്രതീകവൽക്കരിക്കുന്നതായും തനിക്ക് അനുഭവപ്പെട്ടു.

തിരികളുടെ അഭൗമപ്രകാശം കണ്ണിൽ വിളങ്ങിയപ്പോൾ "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (മത്തായി 5:14) എന്നും എരിയുന്ന തിരികണക്കെ സർവ്വഥാ നീ എരിയുമ്പോൾ മാത്രമെ നിന്നിൽനിന്നും പ്രകാശം ഉത്ഭവിക്കുവെന്നും താൻ ഓർത്ത് ധ്യാനിച്ചു. 'പ്രകാശമദ്ധ്യേ ഉസിയാരാജാവിന്റെ കാലത്തുള്ള പൊക്കവും ഉയരവുമുള്ള സിംഹാസനം' (ഏശായ. 6:1) പോലെ നമ്മുടെ

കർത്താവിന്റെ തിരുമരണ സ്ലീബായും താൻ ദർശിച്ചു.

പട്ടക്കാരന്റെ പുറകിൽ അല്പം ദൂരത്തായി സ്വർണ്ണധൂപക്കലാശവുമായി നിൽക്കുന്ന ശുശ്രൂഷകനെ കണ്ടപ്പോൾ "ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നും ദൈവസന്നിധിയിലേക്ക് കയറുന്നത്" (വെളി. 8:4) താൻ കണ്ടു. ശുശ്രൂഷകൻ ധരിച്ചിരിക്കുന്ന മാർകവചം കർത്താവിന്റെ സർവ്വായുധവർഗ്ഗത്തെ (എഫേ. 6:14) ഓർമ്മപ്പെടുത്തി. അപ്പോൾ താൻ വീണ്ടും ധ്യാനചിന്തകളിൽ പ്രവേശിച്ചു.

അഗ്നി ലോഹങ്ങളെ സ്ഫുടം ചെയ്യുന്നതുപോലെ നിന്റെ പ്രാർത്ഥനയും ധ്യാനവും സ്ഫുടം ചെയ്യപ്പെടണമെന്നും അപ്പോൾ നിന്നിലെ ആത്മഭാവം വ്യക്തമാകുമെന്നും താൻ ധ്യാനിച്ചു.  നിന്റെ പ്രാർത്ഥന, നോയമ്പ്, പ്രസംഗം, എന്നുവേണ്ട നിന്റെ സകല പ്രവർത്തികളും അഗ്നിയിൽ പരിശോധിക്കപ്പെടും (1 കൊരി. 3:12–13) എന്ന ചിന്ത സദാ നിന്നിൽ ഉണ്ടാകുവാനാണ് ബലിപീഠത്തിനും നിനക്കും മദ്ധ്യേ ധൂപകലശം എപ്പോഴും നിൽക്കുന്നത് എന്നും അറിഞ്ഞപ്പോൾ തന്റെ ആത്മാവ് ഉള്ളിൽ അതിവേദനപ്പെടുകയും താൻ ധൂപത്തെ ഭക്തിയോടെ വിചാരിക്കുകയും ചെയ്തു എന്ന ധ്യാനത്തോടെയാണ് മൂന്നാം അദ്ധ്യായം അവസാനിക്കുന്നത്.

വി. മദ്ബഹായെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളാണ് നാലാമദ്ധ്യായത്തിന്റെ ഇതിവൃത്തം. പിന്നെ എന്റെ വിചാരം മദ്ബഹായുടെ അലങ്കാരത്തിലേക്ക് തിരിഞ്ഞു. മദ്ബഹാ പല സാമ്യങ്ങളായി എന്റെയുള്ളിൽ വിളങ്ങിയതുകൊണ്ട് ഞാൻ വിസ്മയപരിതനായി ധ്യാനിച്ചു നിന്നു. കടലിൽ തിരമാലകൾ മറിയുന്നതുപോലെ എന്റെ വിചാരങ്ങൾ ഒരേസ്ഥലത്ത് നിൽക്കാതെ ഓരോ കാര്യങ്ങളിൽ തിരിഞ്ഞുമറിഞ്ഞു തുടങ്ങി' എന്ന ആമുഖത്തോടെയാണ് ബ. അച്ചൻ ഈ അദ്ധ്യായം ആരംഭിക്കുന്നത്. അഞ്ചു ഭാഗങ്ങളായി ഈ അദ്ധ്യായം ക്രമീകരിച്ചിരിക്കുന്നു.

**1. മദ്ബഹാ ശലോമോന്റെ ദൈവാലയത്തിലെ മഹാവിശുദ്ധ സ്ഥലമായിട്ട് ഭക്തൻ വിചാരിക്കുന്നു.** ധൂപകലശവും സ്വർണ്ണപീഠമായ വി. ത്രോണോസ്സും അതിൽ അഹരോന്റെ തളിർത്ത വടിയായ സ്ലീബായും, ജീവമന്ന വയ്ക്കപ്പെട്ടിരിക്കുന്ന പൂജാപാത്രങ്ങളും, കൃപാസനത്തെ നിഴലിക്കുന്ന മഹത്വത്തിന്റെ ഖെറൂബുകൾ പോലെ, പൂജാപീഠത്തെ പ്രകാശിപ്പിക്കുന്ന കത്തിജ്വലിക്കുന്ന തിരികളും (എബ്രാ. 9:4,5) ദർശിച്ചപ്പോൾ അതേ ഇത് നിശ്ചയമായിട്ടും വിശുദ്ധ സ്ഥലം തന്നെയെന്ന് ഞാൻ ഉറച്ചു. "അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് " (എഫേ. 1:7) എന്നും "അവൻ മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകആത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്" (എഫേ. 2:18) എന്നും ഓർത്തു.

**2. മദ്ബഹാ ഗോഗുൽത്താമല എന്ന തിരിച്ചറിവ്.**

ഊർശ്ലേമിൽ (സമാധാനത്തിന്റെ പട്ടണം) മൽക്കിസെദേക്ക് (സമാധാനത്തിന്റെ രാജാവ്) പാർത്തു വന്നു എന്നുള്ള ആദ്യപുസ്തകത്തിലെ പരാമർശം (ഉൽപ. 14:18) ക്രിസ്തുവിൽ യാഥാർത്ഥ്യമാകുന്നു എന്ന് ഏവൻഗേലുസ്ഥർ സാക്ഷിക്കുന്നു. അത്യുന്നതനായ ദൈവത്തിന്റെ നിത്യപുരോഹിതനായ മൽക്കിസദേക്ക് അപ്പവീഞ്ഞുകളാൽ പൂജിച്ചുവന്നത് ക്രിസ്തുവിന്റെ നിത്യയാഗമാകയാൽ ആയത് അനസ്യൂതം നടക്കുന്ന ബലിപീഠം യെരുശലേം പട്ടണത്തിൽ മോറിയാ മലയിൽ ഉയർന്നു നിൽക്കുന്ന ഗോൽഗോത്താ തന്നെ എന്ന് ഭക്തൻ ഉറയ്ക്കുന്നു.

നമ്മുടെ പിതാവായ ആദാമിന്റെ ശവക്കല്ലറയുടെ അരികെ സ്ലീബാ നാട്ടിയിരുന്ന സ്ഥലത്ത് അദ്ദേഹം അപ്പവീഞ്ഞുകൾ പൂജിച്ചുവന്നു എന്ന 'മാറസ്ഗാസെ' എന്ന ചരിത്രപുസ്തകത്തിലെ പമാർശം ഓർത്തപ്പോൾ ത്രോണോസ്സിലെ ഉയർന്ന സ്ഥലത്ത് നാട്ടിയിരിക്കുന്ന സ്ലീബായുടെ മുന്നിൽ പുരോഹിതൻ മൽക്കിസാദേക്കിന്റെ ക്രമപ്രകാരം അപ്പവീഞ്ഞുകൾ ഒരുക്കി പൂജയർപ്പിക്കുന്നതിന്റെ രഹസ്യ അർത്ഥങ്ങളെ താൻ വിസ്മയത്തോടെ വീക്ഷിക്കുന്നു.

കൂടാതെ തന്റെ സ്ലീബായുടെ അരികെ തന്റെ മാതാവും തന്നെ സ്നേഹിച്ചവരും നിന്നിരുന്നു എന്ന വചനം (യോഹ. 19:25) ധ്യാനിച്ചപ്പോൾ വി. കുർബ്ബാനയ്ക്കായി ഒരുക്കത്തോടെ നിൽക്കുന്നവരുടെ കൂട്ടമൊക്കെയും ഗോൽഗാത്തായുടെ കീഴിൽ മാതാവിനോടും വിശ്വാസികളായ സകല പൂർവ്വികരോടും ചേർന്ന് നിന്നുകൊണ്ട് വി. ബലിയിൽ സംബന്ധിക്കുന്നുയെന്ന തിരിച്ചറിവ് ഭക്തനിൽ ദൃഢപ്പെടുന്നു.

**വി. മദ്ബഹാ ശലോമോന്റെ ദൈവാലയത്തിലെ മഹാവിശുദ്ധസ്ഥലവും, ഗോഗോൽത്തായും, സാനായ്മലയും, പറുദീസായും, സ്വർഗ്ഗവും ആകുന്നുവെന്ന് അതിമനോഹരമായി വേദവാക്യങ്ങളുടെ പശ്ചാത്തലത്തിൽ പൗരസ്ത്യസഭയുടെ ആരാധനാ വേദശാസ്ത്രത്തെ വിശ്വാസികളിലേക്ക് ആഴത്തിൽ നൽകുവാൻ ബ. അച്ചന് ഈ അദ്ധ്യായത്തിൽ സാധിച്ചിരിക്കുന്നു. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ഏറ്റവും സൂക്ഷ്മമായി പ്രതിപാദിക്കുക എന്ന രീതി (സ്വൽപാക്ഷരം അസനിദ്ധം സൂത്രം) ബ. അച്ചന്റെ രചനയെ മനോഹരമാക്കിയിരിക്കുന്നു.**

**3. മദ്ബഹാ സീനായ് മലപോലെ ഇരിക്കുന്നു.**

ശുദ്ധീകരിക്കപ്പെട്ട തന്റെ ജനങ്ങളെ മല തൊടാതെ കീഴെ നിർത്തിവെച്ച് മൂശയും അഹറോനും മാത്രം ദൈവം ഇറങ്ങിയിരുന്ന മലയിൽ പോവുകയും തന്റെ ജനത്തിനുവേണ്ടി ന്യായപ്രമാണങ്ങളെ കൈക്കൊള്ളുകയും (പുറ. 19: 16–25) അപ്പോൾ മല മുഴുവൻ പുകഞ്ഞു എരിയുകയും ഇടിയും മിന്നലും സർവ്വദാ ഉണ്ടായിരിക്കുകയും ചെയ്തതുപോലെ ശുദ്ധീകരിക്കപ്പെട്ട് അലക്കിമാറ്റിയ ശുഭ്രവസ്ത്രധാരികളായ തന്റെ ജനത്തെ മല തൊടാതെ മലയ്ക്കു താഴെ എന്നപ്രകാരം വി. മദ്ബഹായ്ക്ക് താഴെ നിർത്തിവെച്ച് മോശയെയും അഹറോനെയും സൂചിപ്പിക്കുന്ന പുരോഹിതനും ശെമ്മാശനും (ശുശ്രൂഷക്കാരൻ) തനിച്ചായി ദൈവത്തോട് ജനങ്ങൾക്കായി പ്രാർത്ഥിക്കുകയും പിന്നീട് പതിനായിരങ്ങളായിൽ മല നിറഞ്ഞിരുന്നതുപോലെ (ആവ. 33:2) ശുശ്രൂഷകരുടെ അണികളാൽ മദ്ബഹാ നിറഞ്ഞിരിക്കുകയും മലയിലെ പുകപോലെ ധൂപകലശത്തിൽ നിന്നുള്ള പുക മേഘം കണക്കെ ഉയരുകയും മണികളുടെയും മറുബഹാസകളുടെയും ആരവങ്ങൾ സീനായ് മലയിലെ ഇടിമുഴക്കം എന്നകണക്കെ കാണപ്പെടുകയും ചെയ്തപ്പോൾ ഇത് എന്തൊരു വിസ്മയം എന്നും ഇത് പുതിയനിയമത്തിലെ സീനായ്മലയെന്നും ഭക്തൻ ഉറയ്ക്കുകയും ചെയ്യുന്നു!

**4. മദ്ബഹാ നിത്യതയുടെ പറുദീസാ.**

പറുദീസായിൽ ജീവവൃക്ഷവും വിശുദ്ധന്മാരുടെ കൂട്ടവും പാട്ടുകളും ഉള്ളതുപോലെ വി. മദ്ബഹായിൽ ജീവവൃക്ഷമാല സ്ലീബായും ശുഭ്രവസ്ത്രധാരികളായ ശുശ്രൂഷകരും അവരുടെ ആലാപനവും ഉണ്ട്. സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേ പറുദീസ സ്ഥിതിചെയ്യുന്നുവെന്ന ധാരണപോലെ വി. മദ്ബഹായും സാധാരണനിലദാനത്തിൽ നിന്നുമുയർന്ന് പണിയപ്പെട്ടിരിക്കുന്നു. 'ജയിക്കുന്നവന് നടുവിൽ നിൽക്കുന്ന ജീവവൃക്ഷത്തിൽ നിന്നും ഭക്ഷിപ്പാൻ കൊടുക്കുന്നതുപോലെ (വെളി. 2:7) ജീവവൃക്ഷത്തിന്റെ ഫലമായ യേശുമശിഹായുടെ തിരുശരീര രക്തങ്ങൾ പുരോഹിതനാൽ അവിടെ ഒരുക്കപ്പെട്ട് വിശ്വാസികൾക്ക് നൽകുന്നതിനാൽ ഇത് പറുദീസാ തന്നെ!

**5. വി. മദ്ബഹാ സ്വർഗ്ഗം തന്നെ.**

'അതിക്രമങ്ങളാലും പാപങ്ങളിലും മരിച്ചവരായ നമ്മെ സ്നാനം വഴിയായി യേശുക്രിസ്തുവിൽ ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും' (എഫേ. 2:1–7) ചെയ്തിരിക്കുന്നുവെന്നും സ്വർഗ്ഗത്തിൽ ദൂതന്മാരുടെ പന്തികൾ ദൈവത്തെ അനുവരതം സ്തുതിക്കുന്നതുപോലെ ശുശ്രൂഷകരുടെ അണികൾ പാടിഘോഷിക്കുകയും അപ്പോൾ ദൈവത്തിന്റെ മഹത്വം അതിൽ പ്രകാശിക്കുകയും ചെയ്യുന്നതു കാണുമ്പോൾ 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ. 8:12) എന്ന സുവിശേഷം അവിടെ യാഥാർത്ഥ്യമാകുന്നു. "കുഞ്ഞാടാകുന്ന മന്ദിരത്തിൽ ദൈവതേജസ്സ് പ്രകാശിച്ചു" (വെളി. 21: 23) നിൽക്കുന്നതും കാൺകയാലും സ്വർഗ്ഗത്തേയും ഭൂമിയേയും വേർതിരിക്കുന്ന ആകാശംപോലെ (ഉല്പ. 1:8) തിരശ്ശീലയും ഉള്ളതിനാൽ ഇത് സ്വർഗ്ഗം തന്നെ എന്ന് ഭക്തൻ ഉറക്കുന്നു.

ചുരുക്കത്തിൽ വി. മദ്ബഹാ ശലോമോന്റെ ദൈവാലയത്തിലെ മഹാവിശുദ്ധസ്ഥലവും, ഗോഗോൽത്തായും, സീനായ്മലയും, പറുദീസായും, സ്വർഗ്ഗവും ആകുന്നുവെന്ന് അതിമനോഹരമായി വേദവാക്യങ്ങളുടെ പശ്ചാത്തലത്തിൽ പൗരസ്ത്യസഭയുടെ ആരാധനാ വേദശാസ്ത്രത്തെ വിശ്വാസികളിലേക്ക് ആഴത്തിൽ നൽകുവാൻ ബ. അച്ചന് ഈ അദ്ധ്യായത്തിൽ സാധിച്ചിരിക്കുന്നു. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ഏറ്റവും സൂക്ഷ്മമായി പ്രതിപാദിക്കുക എന്ന രീതി (സ്വൽപ്പാക്ഷരം അസനിദ്ധം സൂത്രം) ബ. അച്ചന്റെ രചനയെ മനോഹരമാക്കിയിരിക്കുന്നു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ

# പോയി, പ്രവചിക്കുക

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പ്രവചനം ദൈവിക ഇടപെടലാണ്. ഇത് ആത്മീകവും ധാർമ്മികവുമായ സംവേദനമാണ്. ദിവ്യദൃഷ്ടിയുടെ നേർക്കാഴ്ചയാണ്. ദൈവത്തിനു വേണ്ടിയുള്ള ഇടപെടലും നിയോഗവുമാണ്. പ്രവചനങ്ങൾ രക്ഷയുടെയും വീണ്ടെടുപ്പിന്റെയും ദൈവിക വാഗ്ദാനത്തിന്റേതുമാണ്. ഇവ വ്യാഖ്യാനങ്ങളും ഉപദേശങ്ങളും, പ്രചോദനങ്ങളും, തിരുത്തലുകളുമായിത്തീരുന്നു.


പ്രവാചകൻ ദൈവത്തിന്റെ വക്താവും സംവേദകനുമാണ്. ദൈവഹിത വ്യാഖ്യാനങ്ങളാണ് പ്രവചനം. ദൈവജനത്തെ ഫലപ്രദവും ക്രിയാത്മകവുമായി പണിതുയർത്തുന്ന കർമ്മ പദ്ധതിയാണ്. *നീ പോയി എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്കുക* (ആമോസ് 7:15) എന്നതിൽ നിന്നും രൂപപ്പെട്ട ആഹ്വാനമാണ് *പോയി, പ്രവചിക്കുക* (Go and Prophesy) എന്നത്. പ്രവചനങ്ങൾ ദൈവശബ്ദമാണ്. മത-സാമൂഹിക-വ്യക്തി ബന്ധങ്ങൾ തകരുമ്പോൾ, തിരുത്തൽ ശബ്ദം അനിവാര്യമാണ്. ദൈവിക നീതി വെളിപ്പെടുത്തുന്ന പ്രവചനങ്ങൾ പാപ ബോധ്യത്തിലേക്കും മാനസാന്തരത്തിലേക്കും ദൈവത്തിങ്കലേക്കും നയിക്കും. ധാർമ്മിക-സദാചാര തത്വങ്ങൾ വക്രീകരിച്ചപ്പോഴും ജീർണ്ണിച്ചപ്പോഴും ശക്തമായ പ്രവചനങ്ങൾ ഉണ്ടായി. ആത്മീയ വർദ്ധനവും പ്രബോധനവും ആശ്വാസവും പകരുന്നതാണ് (1 കൊരി. 14:3) പ്രവചനം. ഇതിൽ ബോധ്യവും (conviction) താക്കീതും (admonition) തിരുത്തലും (correction) ഉണ്ടാകുന്നു.

ദൈവിക രഹസ്യങ്ങൾ പ്രവാചകന്മാരിലൂടെ വെളിപ്പെടുന്നു എന്നാണ് ആമോസിന്റെ ഭാഷ്യം (ആമോസ് 3:7). *യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല എന്നുപറയുന്നു.* പരിശുദ്ധാത്മ പ്രേരിതമായ പ്രവചനങ്ങൾ സ്വകാര്യ വ്യാഖ്യാനങ്ങളല്ലെന്ന് പത്രോസ് ശ്ലീഹാ വിശദീകരിക്കുന്നു (2 പത്രൊസ് 1:20-21). ദൈവിക പ്രവാചകന്മാരുടെ വാക്കുകൾ ദൈവ പ്രചോദിതമാണെന്ന് പൗലോസ് ശ്ലീഹായും വ്യാഖ്യാനിക്കുന്നു (2 തിമോ. 3:16). യിരമ്യാവിനെപ്പോലെ *കരയുന്ന പ്രവാചകന്മാരും* (weeping prophet), ആമോസിനെപ്പോലെ *നീതിയുടെ പ്രവാചകന്മാരും* (prophet of justice), ഹോശയെപ്പോലെ *കരുണയുടെ പ്രവാചകന്മാരും* (the prophet of mercy) ഉണ്ടാകണം. മനുഷ്യന്റെ ഭാവനയ്ക്കും വിവരണത്തിനും വിവേകത്തിനും അതീതമാണ് ദൈവിക പ്രവചനങ്ങൾ. ദിവ്യദൃഷ്ടികൊണ്ട് നല്ലവണ്ണം പറയുന്ന പ്രക്രിയയാണ് പ്രവചനം.

മനുഷ്യ താല്പര്യങ്ങളിൽ നിന്നല്ല പ്രവചന നൽവരം. അത് ദൈവത്തിൽ നിന്നും ലഭിക്കുന്ന വരസിദ്ധിയാണ് (2 പത്രോസ് 1:21). ജന നന്മയ്ക്കുള്ള സാന്ത്വനവും പ്രോത്സാഹനവും വിമർശനവുമാണത് (1 കൊരി 14:3). *പോയി, പ്രവചിക്കുമ്പോൾ* കാൽ കഴുകുന്ന ശിഷ്യത്വത്തിന്റെ ആഹ്വാനവും മുറിവേറ്റവരെ കോരി എടുക്കുന്ന നല്ല ശമര്യാക്കാരന്റെ കരുത്തും സ്വാംശീകരിച്ച്, സമൃദ്ധമായ ജീവൻ പകരുന്ന പ്രവചനങ്ങൾ രൂപപ്പെടുത്താം. പ്രവചനത്തിന്റെ നൽവരങ്ങൾ ഉൾക്കൊണ്ട് ബഹുദൂരം പോകാം!

ആമോസിന്റെ പ്രവചനത്തിൽ സമീപസ്ഥനായ ദൈവത്തിന്റെ നേർക്കാഴ്ചകൾ അവതരിപ്പിക്കുന്നു. യഹോവ നീതിയും നന്മയും നിറഞ്ഞ മഹത്വപൂർണ്ണൻ എന്നു പഠിപ്പിക്കുന്നു. ഇക്കാര്യത്തിൽ ആമോസ്, ഇസ്രായേലും യഹോവയുമായുള്ള ബന്ധത്തിന്റെ പുതിയ ഭാഷ്യം രചിച്ചു. അത് രാഷ്ട്രീയ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചു. അനുഷ്ഠാനങ്ങളെക്കാൾ ധാർമ്മികതയ്ക്കാണ് ആമോസ് പ്രാധാന്യം നൽകിയത്. നീതിയിലും ധർമ്മത്തിലും സത്യത്തിലും അധിഷ്ഠിതമായ ധാർമ്മികവും സദാചാരപരവുമായ ദർശനത്തിനാണ് പ്രാമുഖ്യം.

യിസ്രായേൽ, ദൈവത്തിന്റെ ജനമാണെങ്കിലും അനീതിയും ചൂഷണവും മുഖമുദ്രയായപ്പോൾ ദൈവം യിസ്രായേലിൽ നിന്നും അവരുടെ ആരാധനയിൽ നിന്നും അകന്നു നിന്നു. ദൈവനീതിക്കും ദൈവസ്നേഹത്തിനും വിരുദ്ധമായ ജീവിതശൈലി യിസ്രായേലിൽ രൂപപ്പെട്ടപ്പോൾ ആമോസ് അതിശക്തമായ ഭാഷയിൽ പ്രവചിക്കുന്നു. ആമോസ് ഉയിർത്തിപ്പിടിച്ചത് സാമൂഹിക നീതിബോധത്തിന്റെ ദാർശനിക തലങ്ങളായിരുന്നു. അനീതി നിറഞ്ഞ ജീവിതക്രമം നയിക്കുന്നവർക്ക് ദുരിതമെന്ന് പ്രവചിച്ച ആമോസ് കർത്താവിന്റെ ദിനത്തെക്കുറിച്ച് സ്വപ്നം കാണുന്നു. യിസ്രായേലിന് ഉണ്ടാകുന്ന ന്യായവിധിയെക്കുറിച്ചുള്ള ദർശനമാണ് ആമോസിന്റെ പ്രവചനം. ഇത്തരം ദർശനങ്ങൾ അവതരിപ്പിക്കുന്ന ആമോസിന്റെ ധീരതയും പ്രതിബദ്ധതയും അതീവ ഹൃദ്യമാണ്. സാമൂഹിക തിന്മകൾക്ക് എതിരെ ഗർജ്ജിക്കുന്ന ആമോസിന്റെ ശബ്ദം ദൈവത്തിന്റെ ശബ്ദമായി തീരുന്നു (ആമോ. 3:7-8). സിംഹം ഗർജ്ജിച്ചു ആരാണ് ഭയപ്പെടാതിരിക്കുക? ദൈവമായ കർത്താവ് സംസാരിച്ചു. ആർക്കു പ്രവചിക്കാതിരിക്കുവാൻ കഴിയും?



ദൈവവിളി ലഭിക്കുന്ന പ്രവാചകൻ ദൈവസന്നിധിയിൽ നിൽക്കുന്നു. അവിടെ നിന്നുള്ള ആത്മീയ ദർശനം ഉൾകൊണ്ട് ജനമദ്ധ്യത്തിലേക്ക് എത്തുന്നു (1 രാജ. 22:19, യിര. 23:22, 1 രാജ. 17:1, 18:15). ദൈവത്താൽ നിയോഗിതനാകുന്ന പ്രവാചകൻ ദൗത്യം എന്തെന്ന് തിരിച്ചറിഞ്ഞ് ജനമദ്ധ്യത്തിലേക്ക് പോകുന്നു. സമൂഹത്തിൽ എന്തു സംഭവിക്കുമെന്നും, എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതെന്നും പ്രവാചകർ അരുളി ചെയ്യുന്നു. സാമൂഹികവും ധാർമ്മികവും സദാചാരപരവുമായ ജീവിതക്രമങ്ങളെ പ്രവാചകൻ വിമർശിക്കുകയും അടയാളങ്ങൾ വഴി തിരുത്തുകയും ചെയ്തിരുന്നു. ജനത്തിന്റെ അപരാധങ്ങൾക്കായി ദൈവത്തോട് നിലവിളിക്കുന്ന ദൗത്യം പ്രവാചകരിൽ കണ്ടെത്താം (പുറ. 32, 1 രാജ. 13, 2 രാജ. 19, യിര. 7). ദൈവവും പ്രവാചകനും തമ്മിലുള്ള ആത്മബന്ധം ആമോസ് (7:5), യെശയ (6), യിരമ്യാവ് (1:4-10), യെഹസ്കിയേൽ (യെഹ. 1, 2, 3) എന്നിവർ പ്രവചനങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

പ്രവാചകൻ ദൈവ ശബ്ദത്തെ വിളിച്ചറിയിക്കുന്നു. സാമൂഹിക അനീതികളും ജീർണ്ണതകളും ശക്തിപ്പെടുമ്പോൾ പ്രവാചക ശബ്ദം തിരുത്തൽ ശബ്ദമായി രൂപപ്പെടുന്നു. ആമോസ് *നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്കുക* (7:15) എന്ന കല്പന സ്വയം ഏറ്റെടുക്കുകയാണ്. ചരിത്രത്തിൽ പ്രവാചകനും പ്രവാചക ശിഷ്യനും അല്ലാത്ത ആമോസ് നീതിയുടെ പ്രവാചകനായി രൂപപ്പെടുന്നു. ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമായ ആമോസിന്റെ പ്രവാചക ശബ്ദം ദൈവ ശബ്ദമായി തീരുന്നു.

'പോയി പ്രവചിക്കുക' എന്ന ദൈവ കല്പന ഏറ്റെടുത്ത് ഹൃദയത്തോട് ചേർത്തു പിടിക്കുമ്പോൾ വന്നവഴികളിലേക്ക് തിരിഞ്ഞ് നോക്കേണ്ടകാര്യമില്ല. ദൈവം എടുത്ത് ഉപയോഗിക്കും. ദൈവ സ്പർശം ജീവിതത്തിൽ ഉണ്ടായാൽ ആർക്കും ദൈവഹിത പ്രകാരം പ്രവർത്തിക്കുവാൻ കഴിയും (സങ്കീ. 32:8). അത് സമഗ്രമായ ജീവിത പരിവർത്തനത്തിന്റെയും വിശുദ്ധിയിലേക്കുള്ള വളർച്ചയുടെയും അനുഭവമായിരിക്കും.

ആമോസിന്റെ പ്രവചന ശബ്ദം എന്തായിരുന്നു. വളരെ ചുരുങ്ങിയ വാക്കുകളിൽ അവ ഇങ്ങനെ സംക്ഷേപിക്കാം.

**1. നീതി എല്ലാവർക്കും ലഭ്യമാകണം:** ദൈവം എല്ലാവർക്കും നീതി നൽകുന്നു. ദരിദ്രർക്കും ബലഹീനർക്കും തിരസ്കൃതർക്കും പീഡിപ്പിക്കപ്പെടുന്നവർക്കും നീതി ലഭ്യമാകണം (God demands justice for all) (ആമോസ് 5:24).

**2. ന്യായവിധി ഉടൻ ഉണ്ടാകുന്നു:** ദൈവം എല്ലാ തിന്മകളും ന്യായവിധി ദിവസം തുടച്ചു നീക്കുന്നു. എല്ലാ തിന്മയും ദുഷ്ടതയും നശിപ്പിക്കുകയും ചെയ്യും. ആമോസ് ന്യായവിധിയെക്കുറിച്ച് പറയുന്നത് ദൈവബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് (God will wipe out all evil and wicked people) അനീതിയും അധാർമ്മികതയും ദൈവകോപത്തിന് വഴി ഒരുക്കുന്നു എന്ന് പ്രബോധിപ്പിച്ചു (ആമോസ് 5:18-20, 7:1-9, 15).

**3. വിഗ്രഹാരാധനയിൽ നിന്ന് പിന്തിരിയണം:** ആമോസ് എല്ലാവിധമായ വിഗ്രഹാരാധനയെയും തിരസ്ക്കരിക്കുന്നു. സാമൂഹിക അനീതിയുടെ കാതൽ വിഗ്രഹാരാധനയെന്ന് പഠിപ്പിക്കുന്നു (Idolatry was the heart of social injustice) (ആമോസ് 5:21-27).

**4. ഭൗതിക ചൂഷണം അവസാനിപ്പിക്കണം:** ഇസ്രായേൽ ചെയ്ത തിന്മകളിൽ ഒന്ന് ഭൗതികതയോടുള്ള ആസക്തിയും അധാർമ്മികമായി ദരിദ്രരെ ചൂഷണം ചെയ്തുള്ള ധന സമാർജ്ജനവുമായിരുന്നു (Materialism leads to exploitation) (ആമോസ് 4; 6:1-7).

**5. അധാർമ്മിക:** ദൈവവും യിസ്രായേലുമായുള്ള ബന്ധത്തിന്റെ അടിത്തറ ധാർമ്മികതയാണ് (moral contact). സദാചാര വിരുദ്ധവും അസന്മാർഗ്ഗികവുമായ എല്ലാ കൂട്ടുകെട്ടുകളെയും വിമർശിച്ചിരുന്നു (ആമോസ് 2:6-16).

**6. ബഹു ദൈവവിശ്വാസത്തെ എതിർത്തു:** ഏകദൈവ വിശ്വാസത്തിനായി (monotheism) പ്രവചിച്ചു. ബഹുദൈവ വിശ്വാസ ധാരകൾക്ക് എതിരെ ശബ്ദം ഉയർത്തുകയും ദൈവത്തിലുള്ള ആശ്രയത്വം അനിവാര്യമെന്ന് പഠിപ്പിക്കുകയും ചെയ്തു (ആമോസ് 3:1-15).

**7. അനീതികൾക്ക് എതിരെ ഗർജ്ജിച്ചു:** നീതിക്കായുള്ള (Justice) പ്രവചനത്തിൽ സത്യവും ന്യായവും (Righteousness) സാഹോദര്യ സ്നേഹവും (love) നിലനിർത്തണമെന്ന് പഠിപ്പിച്ചു. യഥാർത്ഥ ദൈവാരാധനയിൽ നീതിയും സമാധാനവും പരസ്പര പൂരകമായിരിക്കും (ആമോസ് 6:8-14).

ആമോസിന്റെ പ്രവചന ശബ്ദം പുതിയ കാലത്തിന്റെയും ശബ്ദമാണ്. ആഗോളവൽക്കരണവും ഇൻഫർമേഷൻ ടെക്നോളജിയും നിർമ്മിത ബുദ്ധിയും സൃഷ്ടിക്കുന്ന പുതുലോകത്ത് നീതിയും ന്യായവും ധാർമ്മികതയും, സത്യവും സാഹോദര്യവും എല്ലാം ബലികഴിക്കപ്പെടുന്നില്ലേ?. പണം, അധികാരം, സുഖം, സന്തോഷം, ആർഭാടം എന്നിവയ്ക്കായി എല്ലാ സുവിശേഷ മൂല്യങ്ങളെയും ബലികഴിക്കുന്ന സമീപനം എല്ലാ തലങ്ങളിലും വളർന്നുവരുന്നില്ലേ?. ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചും ദൈവബന്ധത്തിന്റെ അനിവാര്യതയെക്കുറിച്ചുമുള്ള പ്രബോധനങ്ങൾ നഷ്ടപ്പെടുന്നില്ലേ?. സഭയും സമൂഹവും ഭൗതിക അധികാരത്തിനും, ആഘോഷത്തിനും പിന്നാലെ പോയപ്പോൾ സാമൂഹിക തിന്മകൾക്ക് എതിരെ ഗർജ്ജിക്കുവാൻ നീതിയുള്ള പ്രവാചകന്മാരുടെ അഭാവം സഭയിലും സമൂഹത്തിലും ഉണ്ടാകുന്നില്ലേ? ശക്തരായ ആമോസ് പ്രവാചകന്മാരുടെ സാന്നിദ്ധ്യവും ശബ്ദവും സഭയിലും സമൂഹത്തിലും ഉണ്ടാകണം. അത് നമ്മുടെ ദൗത്യവും ദർശനമാകണം (Mission and Vision).

ഇന്ത്യൻ മത-സാംസ്കാരിക പശ്ചാത്തലത്തിൽ *പോയി, പ്രവചിക്കേണ്ടത്* എന്തെല്ലാമാണ്? ശാന്തിയും, ബഹുമാനവും, സ്നേഹവും വളർത്തുന്ന മത സഹിഷ്ണുതയുടെയും മതാന്തര സംവാദത്തിന്റെയും സാധ്യതകൾ പഠിപ്പിക്കണം. ജാതീയ വേർതിരിവിനും വിഭജനത്തിനും സാമൂഹിക അനീതിക്കും എതിരെയുള്ള ശബ്ദം ശക്തിപ്പെടണം. അഴിമതിയും അധികാര ദുർവിനിയോഗവും മതപീഡനവും വിമർശിക്കപ്പെടണം (ആമോ. 5:12). ഭരണക്രമങ്ങളിൽ സമഗ്രതയും സുതാര്യതയും ഉത്തരവാദിത്വ ബോധ്യവും അത്യന്താപേക്ഷിതമാണ്. സാമ്പത്തിക അസമത്വവും ദാരിദ്ര്യവും പ്രവചനങ്ങളിൽ ഇടം നേടണം. ദരിദ്രർക്കും പീഡിതർക്കും സമഗ്രമായ ക്ഷേമം ഉണ്ടാകുന്നതിനുമുള്ള ശബ്ദം ഉയരണം. മതസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനും ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും കഴിയണം. മതപീഡനങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും തിരിച്ചറിയണം.

സഭയിലും സമൂഹത്തിലും ലിംഗ വിവേചനത്തെ നേരിടുന്നതിനുള്ള ശബ്ദം ഉണ്ടാകണം. സ്ത്രീകളുടെ സുരക്ഷ, ശക്തീകരണം, തുല്യഅവകാശങ്ങൾ, ട്രാൻസ്ജെൻഡർ ആളുകളുടെ സാമൂഹിക അന്തസ്സ് എന്നിവയ്ക്കായി പക്ഷം ചേരണം. വളർന്നുവരുന്ന ന്യൂജനറേഷൻ തലമുറയുടെ ഭാഷയും ഭാവവും മനസ്സിലാക്കണം. ശക്തിപ്പെടുന്ന വർഗീയതയും മതദേശീയതയും സമൂഹത്തെ ഭിന്നിപ്പിക്കുമ്പോൾ ബഹുസ്വരതയെ പ്രോത്സാഹിപ്പിക്കണം. മാനസിക ആരോഗ്യപ്രശ്നങ്ങളെ നേരിടുവാൻ സഭകൾ പഠിപ്പിക്കണം. നിർമ്മിത ബുദ്ധിയും ജൈവ സാങ്കേതികതയും സൃഷ്ടിക്കുന്ന പുതുലോകത്തിന്റെ നന്മ തിന്മകൾ പഠന വിധേയമാക്കണം.

അവിശ്വസ്തതയും വഞ്ചനയുമുള്ള സത്യാനന്തരകാലത്ത് ഇന്റർനെറ്റും നിർമ്മിത ബുദ്ധിയും സംവേദിപ്പിക്കുന്നത് സമ്മത നിർമ്മിതിയാണ് (Manufacturing Consent). സ്വജന പക്ഷപാതത്തോടെ ദൃശ്യങ്ങളും വിവരണങ്ങളും ആഗോളതലത്തിൽ സംവേദിപ്പിച്ച് *ഇതാണ് ശരി, ഇതാണ് തെറ്റ്* എന്ന് പൊതുജനങ്ങളെ സമ്മതിപ്പിക്കുന്ന കാലമാണിത്. വ്യാജ ചിത്രങ്ങളും വീഡിയോകളും പരസ്യവാർത്തകളുമായി മാധ്യമലോകം മനുഷ്യ മനസാക്ഷിയെ വിഴുങ്ങുന്നു. എല്ലാത്തിന്റെയും ഉറവിടം ഇന്റർനെറ്റ് (Internet of All things) എന്ന ചിന്താഗതി ശക്തിപ്പെട്ട് മനുഷ്യൻ ടെക്നോളജിയിൽ ആമഗ്നരാകുമ്പോൾ തിരുത്തൽ ശബ്ദമായി നീതിയുടെയും നന്മയുടെയും വിമോചനത്തിന്റെയും പ്രവചനങ്ങൾ സഭയിലും സമൂഹത്തിലും വളരണം. സഭയിലും സമൂഹത്തിലും ധീരതയോടെ *പോയി, പ്രവചിക്കുന്നതിനുള്ള* ലക്ഷണങ്ങൾ എന്തെല്ലാമാണ്?

**1. വിവേകമുള്ള പ്രവാചകന്മാർ**

കൃത്യമായും യുക്തമായും കാര്യനിർവ്വഹണ ശേഷിയുള്ള പ്രവാചകന്മാർ ഉണ്ടാകണം. അവർക്ക് അറിവും, വൈദഗ്ധ്യവും ഉണ്ടായിരിക്കണം. വിവേകം ദൈവത്തിന്റെ സവിശേഷമായ ഭാവമാണ്. ജ്ഞാനവും ഉൾകാഴ്ചയും സമന്വയിക്കുന്ന നേതൃത്വശേഷി വിവേകികൾക്കുണ്ടാകും. ആശയങ്ങൾ വിളിച്ചു പറയുന്നതിലും അവതരിക്കുന്നതിലും വിശകലനം ചെയ്യുന്നതിലും ജാഗ്രത പുലർത്തുന്നവരാകണം പ്രവാചകന്മാർ. ഭാവിയെക്കുറിച്ചുള്ള ചിന്തയും കരുതലും ഉള്ള പ്രവാചകർ വിവേകപൂർവ്വം കൃത്യനിർവ്വഹണം നടത്തും. കാലത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ് ക്രിയാത്മകവും ഫലപ്രദവുമായി സാമൂഹിക സഭാ ജീവിതത്തെ അപഗ്രഥിക്കുവാനും ജീർണ്ണതകൾ തിരുത്തുവാനും കഴിയണം.

**2. വിശ്വസ്തതയുള്ള പ്രവാചകന്മാർ**

ആത്മീയ ജീവിതത്തിന്റെ തായ്വേരാണ് വിശ്വസ്തത. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ വിശ്വസ്തത (ഗല. 5:22) അതിശ്രേഷ്ഠമാണ്. ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരുമായവർ വിശ്വസ്തരായിരിക്കണം (1 കൊരി. 4:2). പ്രവചനങ്ങളിൽ വക്രീകരണവും അർത്ഥസത്യങ്ങളും ഉൾക്കൊണ്ടാൽ വിശ്വാസ്യത നഷ്ടപ്പെടും. നല്ലവനും വിശ്വസ്തനുമായ പ്രവാചകനെയാണ് നമുക്കാവശ്യം. അല്പത്തിലും അധികത്തിലും വിശ്വസ്തത പുലർത്തുവാൻ കഴിയണം. കൃത്യമായും യുക്തമായും കാര്യനിർവ്വഹണം നടത്തുവാൻ കഴിവുള്ളവർ ഉണ്ടാകണം. ആര്, എപ്പോൾ, എവിടെവച്ചു, ചേദിച്ചാലും കൃത്യമായി കണക്കുകളും വാദമുഖങ്ങളും അവതരിപ്പിക്കാൻ കഴിയണം. കള്ള പ്രവാചകന്മാരെയല്ല, ധീരരും വിശ്വസ്തരുമായ തിരുത്തൽ ശബ്ദ

മാകുവാൻ കഴിവുള്ള പ്രവാചകന്മാരെയാണ് ആവശ്യം.

**3. സുതാര്യതയുള്ള പ്രവാചകന്മാർ**

ദൈവത്തിന്റെ ശബ്ദമാകുവാൻ, ദൈവത്തിന്റെ ഭാവമാകുവാൻ കഴിയുന്ന പ്രവാചകന്മാരുടെ ജീവിതം സുതാര്യമാണ്. ആത്മത്യാഗത്തിന്റെയും നിഷ്ഠാജീവിതത്തിന്റെയും ക്രമമായിരിക്കണം അവർ പങ്കിടേണ്ടത്. അനീതിയും, കുതന്ത്രവും, അവിശ്വസ്തതയും, കൗശലവും അന്യായവുമുള്ള കാര്യവിചാരകർക്കും ഗൃഹവിചാരകർക്കും പ്രവാചക ധർമ്മം നിർവ്വഹിക്കുവാൻ കഴിയുകയില്ല. ദൈവത്തേയും മാമോനെയും സേവിക്കുവാൻ സുതാര്യ ജീവിതം നയിക്കുന്ന പ്രവാചകന് സാധ്യമല്ല. പണം, കഴിവ്, അധികാരം, സമയം, താലന്ത് എന്നിവയെല്ലാം സമൂഹത്തിന്റെ നന്മയ്ക്കായി പങ്കിടുന്ന പ്രവാചക സാന്നിധ്യം സഭയിലും സമൂഹത്തിലും ഉണ്ടാകണം.

**4. പ്രതിബദ്ധതയുള്ള പ്രവാചകന്മാർ**

ആത്മീയവും ധാർമ്മികവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന പ്രവാചകൻ മനുഷ്യ സമൂഹത്തെ നീതിയിൽ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു. അനീതി, അഴിമതി, അടിച്ചമർത്തൽ, ലിംഗ വിവേചനം, ജാതി വിവേചനം തുടങ്ങിയ നീതിനിഷേധങ്ങൾക്കെതിരെ പ്രതിരോധിക്കുവാൻ പ്രവാചകന്മാർക്ക് കഴിയണം. സത്യത്തിന്റെ പാതയിൽ, ദൈവത്തോട് വിധേയപ്പെട്ട് സമൂഹത്തിന് ബലിയായി തീർന്ന് ജനങ്ങളോട് പ്രതിബദ്ധത പുലർത്തുന്ന പ്രവാചകന്മാർ ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. സാമൂഹിക നീതിയും സാമൂഹിക ബോധവും പകരുന്ന പ്രവാചകന്മാർ അനീതിയുടെ ഘടനകൾക്ക് എതിരെ ധീരമായി പോരാടിയ ചരിത്രമാണുള്ളത്. ദൈവത്തോടും മനുഷ്യസമൂഹത്തോടും ഒരുപോലെ പ്രതബദ്ധത പുലർത്തിയ പ്രവാചകർ ആത്മത്യാഗികളും ദൈവസ്നേഹികളും ആയി തീരുന്നു. സാമൂഹിക പ്രതിബദ്ധത ജീവിതത്തിൽ സമഗ്രമായി പ്രതിഫലിപ്പിക്കുവാൻ കഴിയുന്ന പ്രവാചകന്മാർ സഭയ്ക്ക് അനിവാര്യമാണ്.

യിസ്രായേലി ചരിത്രകാരനായ 48 വയസ്സുള്ള യുവാൻ നോവാ ഹരാരിയുടെ *ഹോമോ ഡ്യൂയൂസ്* എന്ന കൃതിയിൽ (Homo Deus: A Brief History of Tomorrow), ഭൂതകാലത്തെ മനസ്സിലാക്കുക (Understand of the Past), വർത്തമാനകാലത്തെ അഭിമുഖീകരിക്കുക (Confront the Prevent), ഭാവിക്കായി തയ്യാറെടുക്കുക (Prepare for the Future) എന്ന് ഹൃദ്യമായ ഭാഷയിൽ ആഹ്വാനം ചെയ്യുന്നു. ഇത് പ്രവാചകൻ ആര് എന്ന ലളിതമായ നിർവ്വചനവുമാണ്.

ശക്തമായ പ്രവചനങ്ങളിൽ ഭൂതകാലത്തെ തിരിച്ചറിഞ്ഞ്, വർത്തമാനകാലത്തിന്റെ വിമർശനവുമായി ഭാവിയ്ക്കായുള്ള പ്രതീക്ഷയുടെ സ്വരമായിരിക്കണം. *പോയി, പ്രവചിക്കുന്നതിനുള്ള* ഉൾക്കരുത്ത് കാൽവറിയും കുരിശും നൽകുന്ന ശിഷ്യത്വമായിരിക്കണം. അത് സത്യസന്ധതയുടെയും (loyalty), പ്രതിബദ്ധതയുടെയും (commitment), നീതിയുടെയും (justice), ജീവാർപ്പണത്തിന്റെയും (sacrifice), ശിഷ്യത്വത്തിൽ അധിഷ്ഠിതമാകണം.

കുരിശും കിരീടവും ഉയിർപ്പും നിത്യജീവനും വെളിപ്പെടുത്തിയ ക്രിസ്തു വാഗ്ദാനം ദൈവ സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും സമാധാനത്തിന്റെയും ജീവമൊഴികളാകണം. *നീയും പോയി അങ്ങനെ തന്നെ ചെയ്യുക* (ലൂക്കോ. 10:37) എന്ന ക്രിസ്തുവിന്റെ ആഹ്വാനം, മുറിവേറ്റവർക്ക് അനുകമ്പയും സംരക്ഷണവും വിമോചനവും പങ്കിടണം.

ആരാണ് പ്രവാചകൻ? എന്താണ് പ്രവചനം? ആമോസ് എങ്ങനെ പ്രവാചകനായി? എന്ത് പ്രവചിച്ചു? ഇന്നലെയുടെ പാഠം ഉൾക്കൊണ്ട്, ഇന്നിനെ വിശകലനം ചെയ്ത്, നാളെയുടെ വഴി തെളിക്കുന്നവൻ പ്രവാചകൻ. അതു മുഖത്തു നോക്കി സധൈര്യം പറയുന്നവൻ പ്രവാചകൻ. ഇത് സ്വയം തെരഞ്ഞെടുപ്പല്ല; ദൈവവിളിയാണ്. അയയ്ക്കപ്പെടാതെ പോകാനാവില്ല. ദിവ്യസന്ദേശം സ്വീകരിച്ച്, അതിനെ ജീവിക്കുന്ന കാലത്തിന്റെ മൂശയിൽ ഉരുക്കി, ജനത്തോട്, അവരുടെ ഗുണീകരണത്തിനായി പറയുന്നതാണ് പ്രവചനം. ആമോസ്, ദൈവത്താൽ പിടിക്കപ്പെട്ടു; ദൈവം അവനെ അയച്ചു, അവൻ പോയി, അവൻ പ്രവചിച്ചു. രാഷ്ട്രീയ-മത-സാമൂഹ്യ ജീവിതത്തിലെ ജീർണതകൾക്കെതിരെ ദൈവനീതിയും ന്യായവും അടിസ്ഥാനമാക്കി ആമോസ് പ്രവചിച്ചു. ആ പ്രവചനം സഭാജീവിത ക്രമങ്ങളിൽ ഉൾക്കൊള്ളുവാൻ നമുക്കും ഉത്തരവാദിത്തമില്ലേ?

**ഉപസംഹാരം**

*പോയി, പ്രവചിക്കുക* എന്ന ദൈവിക ശബ്ദം കേൾക്കുവാൻ കഴിയുന്നവർക്കേ യഥാർത്ഥ ക്രിസ്തു ശിഷ്യർ ആകുവാൻ കഴിയൂ. തിന്മകളെ പ്രതിരോധിക്കുവാനും തിരുത്തൽ ശബ്ദമാകുവാനും കഴിയുന്ന പ്രവാചകർ ഏറ്റെടുക്കുന്നത് കാൽവറിയുടെയും കുരിശിന്റെയും പാതകൾ ആയിരിക്കും. പുതിയ കാല സൂചനകൾ തിരിച്ചറിഞ്ഞ് സത്യത്തിന്റെ സാക്ഷികളായി, ജീവന്റെ വചനങ്ങൾ ധീരതയോടെ പങ്കിടുവാൻ കഴിയുന്ന പ്രവാചകന്മാർ നീതിയുടെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും ശബ്ദമായിതീരും. *സ്നേഹിക്കുക, വചനം പ്രസംഗിക്കുക* എന്നും *കുരിശിലേക്കു തിരിയു*ക എന്നും പഠിപ്പിച്ച ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത നീതിയിലും സ്നേഹത്തിലും ശാന്തിയിലും അധിഷ്ഠിതമായ പങ്കിടുന്ന ലോകത്തെ സ്വപ്നം കാണുന്നു. ആമോസിനോട് *പോയി, പ്രവചിക്കുക* എന്നും (ആമോസ് 7:15) ക്രിസ്തു ശിഷ്യരോട്, *എഴുന്നേൽപ്പീൻ, നാം പോക* (മർക്കോസ് 14:42) എന്നും പറയുന്നത് എക്കാലത്തും പ്രസക്തമാണ്. ജീവിതം തീർത്ഥാടനമാണെങ്കിലും അത് കാൽവറി അനുഭവങ്ങളിലേക്കുള്ള കുരിശിന്റെ വഴിയാണ്. കുരിശു വഹിച്ചുള്ള യാത്രയും പ്രവചനവും ഉണ്ടെങ്കിൽ മാത്രമേ ജീവൻ പകരുന്ന സുവിശേഷം പങ്കിടുവാനായി ലോകത്തിന്റെ അറ്റത്തോളം പുറപ്പെടുവാൻ (മത്താ. 28:18) കഴിയുകയുള്ളൂ.



**ചോദ്യം**

1. ഇന്ത്യൻ മത-സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലത്തിൽ *പോയി, പ്രവചിക്കേണ്ടത്* എന്തെല്ലാമാണ്?

2. സഭയിലും സമൂഹത്തിലും ലിംഗാധിഷ്ഠിത വിവേചനങ്ങൾ ഇന്നും നിലനിൽക്കുമ്പോൾ *പോയി, പ്രവചിക്കുവാനുള്ളത്* എന്തിന്റെ സുവിശേഷമായിരിക്കും.

3. നവീന സാങ്കേതിക വിദ്യയും നിർമ്മിത ബുദ്ധിയും സൃഷ്ടിക്കുന്ന പുത്തൻ ലോകക്രമത്തിൽ സത്യം തമസ്ക്കരിക്കപ്പെടുകയും വ്യാജചിത്രങ്ങളും വീഡിയോകളും അതിവ്യാപകമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ എന്തായിരിക്കണം *പോയി, പ്രവചിക്കേണ്ടത്.*

4. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ എഴുത്തിലും പ്രസംഗത്തിലും ശക്തിപ്പെട്ട പ്രവാചക ശബ്ദത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

5. ക്രിസ്തീയ ദൗത്യനിർവ്വഹണത്തിൽ (Mission activities) പ്രവാചക ധർമ്മവും ദൗത്യവും നിർവ്വഹിക്കുന്നതിന്റെ രീതിശാസ്ത്രത്തിന്റെ വേദാധിഷ്ഠിത തത്വങ്ങൾ എന്തെല്ലാമാണ്.

*(പോയി, പ്രവചിക്കുക എന്നവിഷയം അടിസ്ഥാനമാക്കി ഹൈദരാബാദിലെ യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിൽ 2024 ഒക്ടോബർ 2 മുതൽ 6 വരെ നടന്ന ഐനാംസിന്റെ 82-ാമതു ഗ്ലോബൽ കോൺഫറൻസിൽ അവതരിപ്പിച്ച മുഖ്യ പ്രബന്ധ സംഗ്രഹം, 3 ഒക്ടോബർ 2024)*

◆

# പരിശുദ്ധനായ പൗലോസ് ശ്ലീഹാ, തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തെ ആസ്പദമാക്കിയുള്ള സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ മൂന്നാമത്തെ പ്രസംഗം



## ഫാ. ജോബ് സാം മാത്യു

(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

**ധാർമിക പ്രബോധനം**

നമുക്ക് ക്രിസ്തുവിലൂടെ ദൈവത്തെ സ്നേഹിക്കാം. ക്രിസ്തുവിലൂടെ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ന്യായപ്രമാണമല്ല, ക്രിസ്തുവാണ് നമ്മെ പ്രാപ്തരാക്കിയത്. ക്രിസ്തുവിൽ നിന്നും നമുക്ക് ലഭിച്ച അനുഗ്രഹങ്ങളും ന്യായപ്രമാണത്തിൽ നിന്നും ലഭിച്ച അനുഗ്രഹങ്ങളും താരതമ്യം ചെയ്യുക. "കൃപ വർദ്ധിച്ചു" എന്ന് മാത്രമല്ല അത് "അത്യധികം വർദ്ധിച്ചു'' എന്നും അതിലൂടെ നിത്യശിക്ഷക്ക് അർഹരായിരുന്നവരെ ദത്തെടുത്തു എന്നും അവൻ പറയുന്നു.

''അതിലൂടെ'' (വേ്യീൗഴവ) എന്നതിന് പകരം ''അതിൽ'' (ശി) എന്ന് പറയുന്നത് ശ്രദ്ധിക്കുക. വിശ്വാസം മാത്രമല്ല, സ്നേഹവും ആവശ്യമാണ്. ക്രിസ്തു ദൈവമാണ് എന്ന് വിശ്വസിക്കുന്നു എങ്കിലും അവനെ സ്നേഹിക്കുകയോ, അവനെ സ്നേഹിക്കുന്നവർ ചെയ്യുന്നത് പിന്തുടരാതെ അവനെപ്പോലെ പ്രവർത്തിക്കുകയോ ചെയ്യാത്ത അനേകരുണ്ട്. അവനുപരിയായി പണം, ജാതകം, വിധി, ഭാവി, ശകുനം എന്നിവയെ അവർ പ്രധാനമായി കരുതുന്നു. നാം അവനെ ധിക്കരിച്ച് ജീവിക്കുമ്പോൾ നമ്മുടെ സ്നേഹം എവിടെയാണ്? നിങ്ങളിൽ ആർക്കെങ്കിലും ഊഷ്മളതയും വാത്സല്യവും പകരുന്ന ഒരു സുഹൃത്ത് ഉണ്ടോ? അപ്രകാരം ക്രിസ്തുവിനെയും സ്നേഹിക്കട്ടെ. ശത്രുക്കളായ നമുക്കു യാതൊരു നന്മയും ഇല്ലെങ്കിലും തന്റെ പുത്രനെ നൽകിയവനെ നമുക്ക് സ്നേഹിക്കാം.

എന്തെങ്കിലും നന്മകൾ നമുക്കുണ്ടോ? എണ്ണിയാൽ ഒടുങ്ങാത്ത ധൈര്യത്തോടെ പാപങ്ങൾ ചെയ്തിരുന്നു. എങ്കിലും നമ്മെ തള്ളിക്കളയാതെ എണ്ണമറ്റ നന്മകളും കരുതലും അവൻ പകർന്നു. നാം അവനോട് ഏറ്റവും ക്രൂരമായ തെറ്റ് ചെയ്ത സമയത്തും തന്റെ പുത്രനെ നമുക്കായി അവൻ നൽകി. ഇത്രയും അനുഗ്രഹങ്ങൾക്ക് ശേഷവും, അവൻ നമ്മെ സ്നേഹിതരാക്കിട്ടും, അവനിലൂടെ എല്ലാ അനുഗ്രഹങ്ങൾക്കും നമ്മെ യോഗ്യരായി കണക്കാക്കിയിട്ടും, നാം അവനെ ഒരു സുഹൃത്തിനെ പോലെ സ്നേഹിച്ചില്ല. അപ്പോൾ നമുക്ക് എന്ത് പ്രതീക്ഷയാണുള്ളത്? ഒരു വാക്കിൽ നിങ്ങൾ വിറയ്ക്കുമ്പോൾ, ആ വസ്തുതയിൽ നിങ്ങൾ വിറയ്ക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സുഹൃത്തുക്കളെ പോലെ എന്തുകൊണ്ട് നമുക്ക് ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നില്ല എന്ന് നിങ്ങൾ പറയൂ. എൻറെ വാക്കുകൾ അടിസ്ഥാനരഹിതവും ഫലഹീനം ആകുമെങ്കിലും ഈ കാര്യം വസ്തുതകളാൽ തെളിയിക്കാൻ കഴിയും എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. യഥാർത്ഥ സ്നേഹിതർ, അവരുടെ സ്നേഹിതർക്ക് വേണ്ടി കഷ്ടങ്ങൾ സഹിക്കും. എന്നാൽ ക്രിസ്തുവിന് വേണ്ടി ആരും കഷ്ടം സഹിക്കാനും അവൻറെ ഇന്നത്തെ അവസ്ഥയിൽ ചേർന്നു നിൽക്കാനും തയ്യാറാകുന്നില്ല. ഒരു സുഹൃത്തിനു വേണ്ടി അവഹേളനങ്ങൾ സഹിക്കുന്നതിനും വഴക്കിടുന്നതിനും നാം തയ്യാറാണ്. എന്നാൽ ക്രിസ്തുവിനു വേണ്ടി സഹനങ്ങൾ ഏറ്റെടുക്കാൻ ആരുമില്ല. ''പ്രതിഫലേച്ഛയില്ലാതെ സ്നേഹിക്കണം; എന്നാൽ വെറുതെ ആരുടെയും വെറുപ്പ് ഏറ്റുവാങ്ങരുത്" (ആല ഹീലറ ളീ്യ ീവേശിഴ; യൗേ യല ീേ വമലേറ ളീ്യ ീവേശിഴ) എന്ന് പറയാറുണ്ട്.

വിശക്കുന്ന ഒരു സ്നേഹിതനെ കരുതുവാൻ നാം മടി കാണിക്കില്ല. എന്നാൽ ക്രിസ്തു എല്ലാ ദിവസവും നമ്മുടെ അരികിലെത്തി കേവലം അപ്പം മാത്രം നമ്മോടു ചോദിക്കുന്നു എങ്കിലും, നമ്മൾ അതിഭക്ഷണത്താലും






പാനീയങ്ങളാലും നിറഞ്ഞിരുന്നിട്ടും നാം അവനെ പരിഗണിക്കുന്നില്ല. ഇന്നലെ കുടിച്ച വീഞ്ഞിന്റെ ഗന്ധം നമ്മുടെ ശ്വാസത്തിൽ ഉണ്ട്. നമ്മൾ ആഡംബരത്തിൽ ജീവിക്കുന്നു. വേശ്യകൾക്കും പരാന്നഭോജികൾക്കും മുഖസ്തുതിക്കാർക്കും രാക്ഷസന്മാർക്കും വിഡ്ഢികൾക്കും കുള്ളന്മാർക്കുമായി നമ്മുടെ ധനം നാം പാഴാക്കുന്നു. അത്തരം സ്വാഭാവികമായ വൈകല്യങ്ങൾ വിനോദമായി പുരുഷന്മാർ മാറ്റുന്നു.

എങ്കിലും സുഹൃത്തുക്കളെ, അത്തരക്കാരുടെ നേട്ടങ്ങളിൽ നമുക്ക് അസൂയയോ വിഷമമോ തോന്നുന്നില്ല. എങ്കിലും ക്രിസ്തുവിൻറെ ശുശ്രൂഷകരോടു നമുക്കു അത് തോന്നുന്നു. മനുഷ്യരോടുള്ള നമ്മുടെ സൗഹൃദങ്ങൾ ദൈവഭയത്തെക്കാൾ ശക്തമാണ്. അസൂയയും ആത്മാർത്ഥതക്കുറവും ഉള്ളവർ ദൈവത്തെക്കാൾ മനുഷ്യരെ ബഹുമാനിക്കുന്നു. പിന്നെ ഇതെങ്ങനെയാണ്? ദൈവം ഹൃദയത്തെ കാണുന്നു എങ്കിലും അവൻറെ ദൃഷ്ടിയിൽ വഞ്ചന കാണിക്കുവാൻ മനുഷ്യൻ മടിക്കുന്നില്ല. എന്നിട്ടും വഞ്ചന ചെയ്തതിൽ പിടിക്കപ്പെടുമ്പോൾ പരാജയഭീതിയാൽ മനുഷ്യർക്ക് നാണം തോന്നുന്നു. പിന്നെ എന്തിനാണ് ഇങ്ങനെ സംസാരിക്കുന്നത്? ഒരു സുഹൃത്ത് പ്രതിസന്ധിയിൽ ആണെങ്കിൽ നമ്മൾ അവനെ സന്ദർശിക്കും. സന്ദർശിക്കാൻ അല്പം താമസിച്ചു പോയാൽ പ്രതിഷേധം ഉണ്ടാകും എന്ന് ഭയപ്പെടും. എന്നാൽ ക്രിസ്തു വീണ്ടും വീണ്ടും തടവിലായി മരിച്ചിട്ടും നമ്മൾ അവനെ സന്ദർശിക്കുന്നില്ല. നമ്മുടെ വിശ്വാസികളായ സുഹൃത്തുക്കളെ നാം സന്ദർശിക്കുന്നു. അവർ ക്രിസ്ത്യാനികൾ ആയതുകൊണ്ടല്ല, മറിച്ച് നമ്മുടെ സ്നേഹിതർ ആയതുകൊണ്ടാണ് നാം സന്ദർശിക്കുന്നത്. അങ്ങനെ നാം ദൈവഭയത്തിൽ നിന്നോ സ്നേഹത്തിൽ നിന്നോ ഒന്നും ചെയ്യുന്നില്ല. എന്നാൽ സാമ്പ്രദായികം എന്ന നിലയിൽ സൗഹൃദത്തിന്റെ ഭാഗമായി പലതും ചെയ്യുന്നു.

ഒരു സുഹൃത്ത് യാത്രക്ക് പുറപ്പെടുമ്പോൾ നാം കരയുകയും വിഷമിക്കുകയും ചെയ്യുന്നു. ഒരു സുഹൃത്തിൻറെ മരണത്തിൽ നാം അലമുറ ഇടുന്നു. മരണത്താലുള്ള വേർപിരിയൽ ക്ഷണികവും പുനരുത്ഥാനത്തിൽ വീണ്ടും കണ്ടുമുട്ടുകയും ചെയ്യാം എന്ന് അറിഞ്ഞിട്ടും നമ്മൾ വിലപിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ക്രിസ്തു നമ്മെ വിട്ടു പോകുമ്പോഴും നാം അവനെ എന്നും തള്ളി പറയുമ്പോഴും നമുക്ക് ദുഃഖം തോന്നുന്നില്ല. അത് അവന് അനിഷ്ടവും മുറിവേൽക്കലും തള്ളിപ്പറയലും ദ്രോഹവും ദുഃഖവും വേദനാജനകവുമാണ് എന്നു നാം ചിന്തിക്കുന്നില്ല. ഏറ്റവും ദുഃഖകരമായത് നാം അവനെ ഒരു സുഹൃത്തായി പോലും കരുതുന്നില്ല എന്നുള്ളതാണ്. നാം അവനെ ഒരു ശത്രുവായാണ് കാണുന്നത് എന്ന് ഞാൻ തെളിയിക്കാം. അതെങ്ങനെയെന്ന് നിങ്ങൾ ചോദിക്കുന്നു. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ "ജഡീകമനസ്സ് ദൈവത്തോടുള്ള ശത്രുതയാണ്". നാം അത് എന്നും നിലനിർത്തുന്നു. ക്രിസ്തു നമ്മുടെ അടുത്തേക്ക്, നമ്മുടെ വാതിലുകളിൽ എത്തുമ്പോഴും നാം അവനെ പീഡിപ്പിക്കുന്നു.

നമ്മുടെ ദുഷ്പ്രവർത്തികളാണ് ഇതിന് ഇടയാക്കുന്നത്. എല്ലാ ദിവസവും അത്യാഗ്രഹവും അത്യാർത്തിയും മൂലം നാം അവനെ അപമാനിക്കുന്നു. അവന്റെ വചനം പ്രസംഗിക്കുന്നതിലൂടെയും അവൻറെ സഭയ്ക്ക് നന്മ പ്രവർത്തിക്കുന്നതിലൂടെയും ആരെങ്കിലും പ്രശസ്തി നേടുന്നുണ്ടോ? അങ്ങനെയെങ്കിൽ അവൻ ദൈവത്തിൻറെ പ്രവർത്തി ചെയ്യുന്നതിനാൽ അസൂയക്ക് ഇരയാകുന്നു. അങ്ങനെയുള്ളവരോട് അസൂയപ്പെടുന്നത് വഴി ക്രിസ്തുവിനെയും അസൂയയോടെ നാം നോക്കുന്നു. മറ്റുള്ളവരിൽ നിന്നല്ല നമ്മിൽനിന്നു തന്നെ നന്മ വരണം എന്ന് നാം ആഗ്രഹിക്കുന്നു. എന്നാൽ ഇത് നമുക്കുവേണ്ടിയാണ്, ക്രിസ്തുവിനു വേണ്ടിയല്ല. നന്മ ചെയ്യുന്നത് ആരായിരുന്നാലും അത് നിസംഗതയോടെ കാണരുത്. ഒരു വൈദ്യന്റെ മകൻ അന്ധനാണ് എന്ന് കരുതുക. അദ്ദേഹത്തിന് മകനെ സുഖപ്പെടുത്തുവാൻ കഴിയുന്നില്ല എങ്കിൽ പ്രാപ്തിയുള്ള മറ്റൊരാളുടെ സഹായം അദ്ദേഹം നിരസിക്കുമോ? ആരു വഴിയാണെങ്കിലും തൻറെ മകന് സൗഖ്യം ലഭിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുക. കാരണം തൻറെ മകന് നന്മ ലഭിക്കുന്നത് തൻറെ ആദരവിനിടയാകണം എന്നില്ല. അപ്രകാരം ക്രിസ്തുവിനെ സംബന്ധിച്ച് നമ്മളാലോ മറ്റൊരുവനാലോ നന്മയുണ്ടാകുന്നുവെങ്കിൽ അത് അംഗീകരിക്കുകയാണ് വേണ്ടത്.

പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ, 'നാട്യമായിട്ടോ പരമാർത്ഥമായിട്ടോ ഏതുവിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നത്' (ഫിലിപ്പ്യർ 1:18). എൽദാദും മേദാതും പ്രവചിച്ചപ്പോൾ ചിലർ അസംതൃപ്തരായി. അപ്പോൾ മോശ പറഞ്ഞത് 'എന്നെ വിചാരിച്ചു നീ അസൂയപ്പെടുന്നുവോ? യഹോവയുടെ ജനമൊക്കെയും പ്രവാചകന്മാരായും യഹോവ തന്റെ ആത്മാവിനെ അവരുടെ മേൽ പകരുകയും ചെയ്തെങ്കിൽ കൊള്ളായിരുന്നു' (സംഖ്യാപുസ്തകം 11:29). വ്യർത്ഥഭിമാനത്തിൽ നിന്നാണ് അസൂയ ഉണ്ടാകുന്നത് (ഷലമഹീൗെ ളലലഹ ശിഴ ്യീരലലറ ള്യീ ോമശിഴഹീ്യ). അവ എതിരാളുകളും ശത്രുക്കളുമാണ്. ആരെങ്കിലും നിങ്ങളെ കുറിച്ച് മോശമായി സംസാരിക്കുന്നുണ്ടോ? അവനെ സ്നേഹിക്കുക. അത് അസാധ്യമാണെന്ന് നിങ്ങൾ പറയും. നിങ്ങൾ അത് ആഗ്രഹിക്കുന്നുവെങ്കിൽ അത് സാധ്യമാണ്. നിങ്ങളെക്കുറിച്ച് നല്ലതുമാത്രം പറയുന്നവരെയാണ് നിങ്ങൾ സ്നേഹിക്കുന്നതെങ്കിൽ നിങ്ങൾ നന്ദിയുള്ളവരാണോ? അത് ദൈവത്തിനു വേണ്ടിയല്ല. മനുഷ്യൻറെ നല്ല വാക്കുകൾക്കു വേണ്ടിയാണ് നിങ്ങൾ അതു ചെയ്യുന്നത്.

ആരെങ്കിലും നിങ്ങളെ മുറിവേൽപ്പിച്ചിട്ടുണ്ടോ? അവന് നല്ലത് ചെയ്യുക. നിങ്ങൾക്ക് നന്മ ചെയ്യുന്നവർക്ക് മാത്രമാണ് നിങ്ങൾ നന്മ പകരം ചെയ്യുന്നത് എങ്കിൽ അതിനുള്ള പ്രയോജനം തുച്ഛമാണ്. നിങ്ങൾ കടുത്ത അന്യായം അനുഭവിക്കുകയും നഷ്ടം സഹിക്കുകയും ചെയ്തിട്ടുണ്ടോ? അതിന് നിങ്ങൾക്ക് പ്രതികാരം ചെയ്യാം. അതെ, ഞാൻ അത് നിങ്ങളോടു നിർദ്ദേശിക്കുന്നു. എന്നാൽ നമ്മൾ ചെയ്യുന്നത് ഇപ്രകാരമാകണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ശത്രുക്കളെ വെറുക്കുന്നതും ഉപദ്രവിക്കുന്നതും നമുക്ക് അവസാനിപ്പിക്കാം (ഘലേ ൗെ രലമലെ ള്യീ വമശേഴ മിറ ശിഷൗൃശിഴ ീൗൃ ലിലാശലെ). 'നമ്മുടെ ശത്രുക്കളെ സ്നേഹിക്കുക" എന്നു യേശു നമ്മോടു നിർദ്ദേശിച്ചിട്ടുണ്ട് (മത്തായി 5:44). എന്നാൽ അവൻ നമ്മെ സ്നേഹിക്കുമ്പോൾ നാം അവനെ ഉപദ്രവിക്കുന്നു. ദൈവം നമ്മെ തടയട്ടെ. നാം വാചാലരാകുന്നു എങ്കിലും പ്രവർത്തിയിൽ അങ്ങനെ കാണുന്നില്ല. നമ്മുടെ മനസ്സ് പാപത്താൽ ഇരുണ്ടിരിക്കുന്നു. അസഹനീയമെന്ന് നമ്മുടെ മനസ്സിൽ തോന്നുന്നതു പോലും നാം പ്രവർത്തിക്കുന്നു. നമ്മുടെ രക്ഷയ്ക്ക് വിഘാതവും വിനാശകരവുമായ കാര്യങ്ങളിൽ നിന്നും നമുക്ക് പിന്മാറാം (ഘലേ ൗെ റലശെേ ള്യീ വേശിഴ െവേമ േമൃല ശിഷൗൃശീൗെ മിറ ൃൗശിീൗെ ീ ീൗൃ ൌഹ്മശേീി). അപ്പോൾ അവൻറെ സുഹൃത്തുക്കൾ എന്ന നിലയിൽ നമുക്ക് അനുഗ്രഹങ്ങൾ ലഭിക്കും. ക്രിസ്തു പറഞ്ഞിട്ടുണ്ട്, 'എനിക്കു നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോട് കൂടെ ഇരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു' (യോഹന്നാൻ 17:24). യേശുക്രിസ്തുവിന്റെ കൃപയാലും സ്നേഹത്താലും നമുക്കേവർക്കും ഇതു നേടാം.

❑

ലാവണ്യദർശനം

# സ്നേഹം കൊണ്ടു വെളിച്ചം പകരുക

**ഡെറിൻ രാജു**

തന്റെ സകല പ്രബോധനങ്ങളുടെയും ആകെത്തുകയായി ക്രിസ്തു കണ്ടത് സ്നേഹത്തെയാണ്. സകല പ്രമാണങ്ങളും സ്നേഹത്തിന്റെ രണ്ട് തലങ്ങളിൽ അടങ്ങിയിരിക്കുന്നു എന്നാണല്ലോ അവൻ പറഞ്ഞത്.

ഒരിക്കൽ അവൻ പറയുന്നുണ്ട്, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നുവെന്ന്. ഒരു മുപ്പത്തിമൂന്ന് വയസുകാരനെ അത് പറയാൻ പ്രാപ്തനാക്കിയത് അവന്റെ ബോധ്യമാണ്. താൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറയുന്നതിന് മുമ്പ് അവൻ പറയുന്നത് പരസ്പരം സ്നേഹിക്കുവാനാണ്; ''ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും സ്നേഹിക്കുവാനാണ് " സ്നേഹത്തിലൂടെ യാണ് അവൻ ജയിച്ചത്. ആ സ്നേഹത്തിലൂടെയാണ് അവൻ കാലാതിവർത്തി യായ ബോധ്യങ്ങളെ സൃഷ്ടിച്ചത്.

സ്നേഹത്തിലൂടെയും വിട്ടുകൊടുക്കലിലൂടെയും അവൻ നിർമ്മിച്ചെടുത്തത് രണ്ടായിരം വർഷങ്ങൾക്കും മങ്ങലേല്പിക്കാനാകാത്ത ഒരു ബോധ്യമാണ്. ആ ബോധ്യത്തിന്റെ ഉറപ്പിൻമേലാണ് അവന്റെ സുഹൃത്തുക്കളിൽ ഒരാൾ പിന്നീട് എഴുതിയത് ദൈവം തന്നെ സ്നേഹമാകുന്നുവെന്ന്. മറ്റൊരുവൻ പറഞ്ഞത് "സ്നേഹം ഒരുനാളും ഇല്ലാതായി പോവുകയില്ലെന്ന്."

രണ്ടായിരത്തിൽപ്പരം വർഷങ്ങളായി ക്രിസ്തു സംസാരിക്കുന്നത് സ്നേഹ മാണ്. അതാണവന്റെ മതം. സ്ഥാപനവൽക്കരിക്കപ്പെട്ട മതക്കൂടിന്റെ അങ്ങ കത്ത് കാമ്പായും കാതലായും ഉള്ളതും ഉണ്ടാകേണ്ടതും അവൻ കാണിച്ചു തന്ന സ്നേഹമാണ്. അത് ബോധ്യപ്പെട്ട ഒരുവനാണ് എല്ലാത്തിലും വലുത് സ്നേഹമാണ് എന്ന് പിന്നീട് എഴുതിയത്.

വെറുപ്പും സംശയവും സ്പർദ്ധയും നിറയുന്ന വർത്തമാനക്കാലത്ത് വെളിച്ചം പകരുവാൻ സ്നേഹം കൊണ്ടേ സാധിക്കുകയുള്ളു. വെറുപ്പും അവിശ്വാസവും അല്ല; സ്നേഹവും സഹവർത്തിത്തവുമാണ് പുലരേണ്ടത്. അയൽക്കാരനെ സ്നേഹിക്കാനാണ് അവൻ പറഞ്ഞത്; അവിടെ ഒരു കണ്ടീഷനും നോക്കാൻ അവൻ പറഞ്ഞില്ല. കുറഞ്ഞപക്ഷം അവൻ പറഞ്ഞതെങ്കിലും കേൾക്കാനുള്ള ബാധ്യത അവന്റെ അനുകാരികൾക്കുണ്ട്.



# സെമിനാരി സഭയുടെ ഹൃദയം

**പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ**

കർത്താവിൽ പ്രിയരേ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദ്ധ്യാത്മിക വളർച്ചയുടെ സിരാകേന്ദ്രമാണ് നമ്മുടെ സെമിനാരികൾ. രണ്ട് നൂറ്റാണ്ടിൽ അധികം പൈതൃകം ഉൾക്കൊള്ളുന്ന കോട്ടയം ഓർത്തഡോക്സ് സെമിനാരിയും ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്കും സഭാ ശുശ്രൂഷകൾക്കും മാർഗ്ഗം പകരുന്ന നാഗ്പ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരിയും വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ആഴമായ ആദ്ധ്യാത്മിക അന്തരീക്ഷത്തിൽ ഭാവി വൈദികരെ മികച്ച അക്കാദമിക് അന്തരീക്ഷത്തിൽ അഭ്യസിപ്പിക്കുന്ന നമ്മുടെ സെമിനാരികൾ സഭയുടെ ഹൃദയമാണ്. സഭയിലും സമൂഹത്തിലും വിവിധ തരത്തിലുള്ള സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കും കാരുണ്യ കർമ്മങ്ങൾക്കും നേതൃത്വം നൽകുന്നു.

ഇപ്പോൾ നമ്മുടെ രണ്ട് സെമിനാരികളിലുമായി 150 ലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ബിരുദ-ഡോക്ടറൽ ഗവേഷണ രംഗത്ത് FFRRC യിൽ 80 ലധികം വിദ്യാർത്ഥികൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും, വിവിധ വിശ്വാസ പാരമ്പര്യത്തിൽ നിന്നും വന്നു പഠിക്കുന്നുണ്ട്. അവർ നമ്മുടെ സെമിനാരിയിലും താമസിച്ചു പഠിക്കുന്നു.

ആഗോള പ്രശസ്തനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അപ്രകാശിത രചനകൾ സമാഹരിച്ച് വാല്യങ്ങളായി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിരിക്കുകയാണ്. ഇവയുടെ പ്രസിദ്ധീകരണം സഭയ്ക്കും അക്കാദമിക് തലത്തിലും വളരെ വിലപ്പെട്ട ഗ്രന്ഥശേഖരമായിരിക്കും. സഭയിലെ വനിതകൾക്കായി വേദശാസ്ത്ര പഠന കോഴ്സുകൾ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

സഭയുടെ ആദ്ധ്യാത്മികവും അക്കാദമികവുമായ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിന് നമ്മുടെ സെമിനാരികൾക്ക് കഴിയുന്നു എന്നതിൽ നമുക്ക് അതിയായ സന്തോഷം ഉണ്ട്.

**ഈ വർഷത്തെ സെമിനാരി ദിനം ഒക്ടോബർ 6 ഞായറാഴ്ചയാണ്.** അന്ന് നമ്മുടെ എല്ലാ പള്ളികളിലും സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെമിനാരിദിന കവർ പിരിവ് വിജയിപ്പിക്കുകയും ചെയ്യണം.

ഇപ്രാവശ്യം 125 ലക്ഷം രൂപ സെമിനാരിദിന പരിവിൽ നിന്നും സമാഹരിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. ഇവ കോട്ടയം-നാഗ്പ്പൂർ സെമിനാരികളുടെ പ്രവർത്തനങ്ങൾക്കുള്ളതാണ്.

എല്ലാ കാര്യങ്ങളിലും മുൻപതിവുപോലെ നമ്മുടെ വിശ്വാസികൾ എല്ലാവരും സെമിനാരി ദിനത്തിൽ പങ്കുചേരണമെന്ന് ആഹ്വാനം ചെയ്യുന്നു.

എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

(സെമിനാരി ദിനത്തോടനുബന്ധിച്ച മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് നല്കിയ വീഡിയോ സന്ദേശത്തിൽ നിന്ന്)

## സെമിനാരിദിനം ഒക്ടോബർ 6 – ന്

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരി ദിനം ഒക്ടോബർ 6 ഞായറാഴ്ചയാണ്. സെമിനാരിക്ക് സംഭാവന അയയ്ക്കുവാനുള്ള ബാങ്ക് വിവരങ്ങൾ : ചെക്കും, DDയും ഇന്ത്യൻ കറൻസിയിലുള്ളവയ്ക്ക്-State Bank of India, CMS College Branch, Kottayam. A/c. No. 57008479117 (IFSC Code : SBIN0070484) & Federal Bank Kanjikuzhy Branch, Kottayam. A/c. No. 13760200006181 (IFSC: FDRL0001376).

ബാങ്ക് മുഖേന പണം അയയ്ക്കുന്നവർ, ദയവായി അവരുടെ അഡ്രസ്സും, തുകയും വ്യക്തമായി നൽകണം. വിലാസം : The Principal, Orthodox Theological Seminary, P.B. No. 98, Kottayam- 686 001, Ph: 0481-2566526, 2568083. Email: admin@ots.edu.in.

## വയനാട്ടിലെ ചൂരൽമല, മൂണ്ടക്കൈ സന്ദർശനവും പാരീഷ് മിഷനും

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും വയനാട്ടിലെ ചൂരൽമല, മൂണ്ടക്കൈ ദുരിതത്തിൽപ്പെട്ട പ്രദേശങ്ങളും ഭവനങ്ങളും സന്ദർശിച്ചു. ചൂരൽമല സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി (സെപ്റ്റംബർ 12-13), മേപ്പാടി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി (സെപ്റ്റംബർ 13-15) എന്നിവിടങ്ങളിൽ പാരിഷ് മിഷൻ പ്രവർത്തനങ്ങൾ നടത്തി. ദുരന്ത ബാധിത പ്രദ്ദേശങ്ങളും ഭവനങ്ങളും സന്ദർശിച്ച് സമ്പൂർണ്ണ പുനരധിവാസത്തിനുള്ള നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ നിന്നും സമാഹരിച്ചു. കല്പറ്റയ്ക്കു സമീപമുള്ള മേപ്പാടി പഞ്ചായത്തിലെ വെള്ളരിമല വില്ലേജിലെ ചുരൽമല, മുണ്ടക്കൈ, പുഞ്ചരിമട്ടം എന്നീ മേഖലകളും സന്ദർശിച്ചു.



വചനതീർത്ഥം

# സ്ലീബാ പെരുന്നാളിന് ശേഷം നാലാം ഞായർ

## (വി. ലൂക്കോസ് 12:13–21 )



ഫാ. ജെറിൻ ജോൺ അടൂർ

ഈ ലോകത്ത് പലതരത്തിലുള്ള സമ്പന്നതയുണ്ട്

1. Financial Wealth (Money). 2. Social Wealth (Status). 3. Time Wealth ( Freedom). 4. Physical Wealth (Health).

ഇന്നത്തെ വേദഭാഗം വിരൽ ചൂണ്ടുന്നത് സമ്പന്നനായ ഒരു മനുഷ്യന്റെ ഉപമയോട് ആണ്. യേശു ഈ ഉപമ ആരംഭിക്കുന്നത് തന്നെ ദ്രവ്യാഗ്രഹതിനെ തിരെ മുന്നറിയിപ്പുമായിട്ടാണ്. യേശു ദ്രവ്യാഗ്രഹത്തിന് എതിരായിരുന്നു, ഈ ഉപമ ഒരിക്കലും അതിനെ പിന്താങ്ങുന്നില്ല. അതുകൂടാതെ, ഒരുത്തന്നു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവക അവന്റെ ജീവന്നു ആധാരമായിരിക്കുന്നില്ല എന്ന ജ്ഞാനവും യേശു പകർന്നു നൽകുകയാണ്.

ഭൌതീക സമ്പത്തിന്റെ വർധന ജീവന് ആധാരമല്ല എങ്കിൽ, മറ്റെന്താണ് ജീവനെ സഹായിക്കുന്നത്? ഉപമയിലെ ധനികനായ മനുഷ്യന് ഒരു വലിയ വിളവ് ലഭിച്ചു; ഒരു വലിയ കൊയ്ത്തു ലഭിച്ചു. ഇത്ര അധികം വിളവ് മുമ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ അത് മുഴുവനും ശേഖരിച്ചു വെക്കുവാൻ മതിയായ കളപ്പുരകൾ അയാൾക്ക് ഇല്ലായിരുന്നു. സാധാരണയായി ലഭിക്കുന്ന വിളവ് സൂക്ഷിക്കുവാൻ മതിയായ കളപ്പുരകൾ ഉണ്ടായിരുന്നു എങ്കിലും ഇത്തവണ വളരെ വലിയ വിളവാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് തന്റെ കളപ്പുരകൾ പൊളിച്ചു കൂടുതൽ വലുതായവ പണിയുവാനും അതിൽ വിളവു എല്ലാം സൂക്ഷിച്ചുവെക്കുവാനും അദ്ദേഹം തീരുമാനിച്ചു. അതിനു ശേഷം അദ്ദേഹം വിശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കുവാനും ജീവിതത്തെ ആസ്വദിക്കുവാനും ആഗ്രഹിച്ചു.

എന്നാൽ, ഈ ഉപമയിൽ ദൈവം അദ്ദേഹത്തെ മൂഢാ എന്നാണ് വിളിക്കുന്നത്. ഈ ധനികൻ ആ രാത്രിയിൽത്തന്നെ മരിക്കും എന്നും ദൈവം മുൻകൂട്ടി അറിയിച്ചു. അതിനു ശേഷം ദൈവം ചോദിക്കുന്ന ചോദ്യം ഇതാണ്: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചതു ആർക്കാകും.

തീർച്ചയായും വലിയ ഒരു വിളവു അയാൾ ശേഖരിച്ചു സൂക്ഷിച്ചു വെക്കുകയാണ്. പക്ഷെ അതേ രാത്രിയിൽ അയാൾ മരിച്ചാൽ അതിലെ ഒരു ധാന്യം പോലും ആസ്വദിക്കുവാൻ അയാൾക്ക് കഴിയുകയില്ല. ഇതു ഒരു വലിയ ദുഃഖസത്യം ആണ്. ഈ ഉപമ അവസാനിക്കുന്നത് ഒരു സാന്മാർഗിക ഉപദേശത്തോടുകൂടി ആണ്.

**ധനത്തിൽ സമ്പന്നനെങ്കിലും ദൈവീകതയിൽ ദരിദ്രനായ മനുഷ്യൻ**

ധനവാൻ ആകുക എന്നത് ഒരു തെറ്റല്ല. അബ്രഹാം, ശലോമോൻ, ഇയ്യോബ് എന്നിവർ മഹാ സമ്പന്നർ ആയിരുന്നു. ഈ ധനവാൻ നല്ലവൻ ആയിരുന്നുവോ അതോ ദുഷ്ടൻ ആയിരുന്നുവോ എന്ന് ഉപമയിൽ പറയുന്നില്ല. അദ്ദേഹം ഒരു ദുഷ്ടൻ ആയിരുന്നു എന്ന് പറയുവാൻ നമുക്ക് യാതൊരു കാരണവും ഇല്ല. ഒരു നല്ല വിളവു ലഭിച്ചു എന്നത് തീർച്ചയായും ഒരു അനുഗ്രഹം ആണ്. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലം കൂടി ആണ്. ഇത്രയും വലിയ വിളവു ലഭിക്കുവാൻ ഏതെങ്കിലും തെറ്റായ മാർഗ്ഗം അയാൾ പ്രയോഗിച്ചു എന്നൊന്നും ഉപമയിൽ പറയുന്നില്ല. നല്ല വിളവ് ദൈവത്തിന്റെ അനുഗ്രഹം തന്നെ ആണ്.

എല്ലാവിധ പ്രകൃതി ക്ഷോഭങ്ങളിൽനിന്നും ദൈവം അദ്ദേഹത്തിന്റെ കൃഷിയിടങ്ങളെ സൂക്ഷിച്ചതിനാൽ ആണ് നല്ല വിളവ് ലഭിച്ചത്. അദ്ദേഹത്തിന്റെ കളപ്പുരകൾ ഇത്രയും വലിയ വിളവ് ശേഖരിച്ച് വെക്കുവാൻ മതിയായത് ആയിരുന്നില്ല. അതുകൊണ്ട് കൂടുതൽ വലിപ്പമുള്ളവ നിർമ്മിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. തനിക്കു ലഭിച്ച നന്മകൾ അയാൾ അനുഭവിക്കുന്നതും തെറ്റല്ല. ഇതിലൊന്നും ദുഷ്ടതയോ പാപമോ കാണുവാൻ കഴിയുക ഇല്ല.

ധനം അതുകൊണ്ടുതന്നെ നാശഹേതു അല്ല; ദാരിദ്ര്യം നമ്മളെ രക്ഷിക്കുകയും ഇല്ല. ധനം പാപമോ ദാരിദ്ര്യം വിശുദ്ധിയോ അല്ല. ധനം അല്ല, ധനത്തിലുള്ള മനുഷ്യന്റെ ആശ്രയം ആണ് മനുഷ്യനെ നാശത്തിലേക്ക് തള്ളി ഇടുന്നത്. ഭൌതീക നന്മകൾ എന്ന കണ്ണാടിയിലൂടെ അല്ല നമ്മൾ ദൈവത്തെ കാണേണ്ടത്. ഈ ധനികയായ കൃഷിക്കാരന്റെ വാക്കുകളിൽ അഹങ്കാരത്തിന്റെയും ലോക ഇമ്പങ്ങളുടെയും ധ്വനി ഉണ്ടായിരുന്നു. തനിക്കു ലഭിച്ച വലിയ വിളവിൽ ദൈവത്തിന്റെ ഭാഗത്തെ അദ്ദേഹം മറന്നുകളഞ്ഞു. യേശു ഇതിനെ അഭിനന്ദിച്ചില്ല.

ഈ മനുഷ്യൻ ദൈവവിഷയമായി സമ്പന്നൻ ആയിരുന്നില്ല എന്ന് പറഞ്ഞാണ് യേശു ഉപമ അവസാനിപ്പിച്ചത്. ഇതാണ് ഈ ഉപയിലെ പ്രധാന വിഷയം. ഈ ധനവായ കൃഷിക്കാരൻ ദൈവവിഷയമായി ദരിദ്രൻ ആയിരുന്നു. ദൈവം ഈ മൂഢനായ ധനികനോട് ഗൗരവമുള്ള ഒരു ചോദ്യം ചോദിച്ചു: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചതു ആർക്കാകും? ഇന്നു രാത്രി നീ മരിച്ചാൽ ഈ സമ്പത്തെല്ലാം ആർ അനുഭവിക്കും?

ധനികനായ ഈ മനുഷ്യൻ മരണത്തിന്റെ നിശ്ചയത്തെകുറിച്ചു അതുവരെ ചിന്തിച്ചിരുന്നില്ല. മരണത്തിന്റെ സമയം ആർക്കും നിശ്ചയം ഇല്ലാത്തതിനാൽ താൻ ഇന്നു തന്നെ മരിക്കുവാനും സാദ്ധ്യത ഉണ്ട് എന്ന് അദ്ദേഹം ഓർത്തില്ല. മരിക്കുമ്പോൾ തന്നോടൊപ്പം എന്തെങ്കിലും കൊണ്ടുപോകുവാൻ കഴിയുമോ? മരണത്തിനുമപ്പുറം ദൈവരാജ്യത്തിൽ എന്തെങ്കിലും സമ്പത്ത് തനിക്കു ഉണ്ടോ? അദ്ദേഹത്തിന്റെ ഉത്തരം "ഇല്ല" എന്നായിരുന്നു. നിത്യതയെ കുറിച്ച് അദ്ദേഹം ബോധവാൻ ആയിരുന്നില്ല.

**ദൈവരാജ്യ വിസ്തൃതിക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്ന സമ്പന്നൻ ആകുവാൻ കഴിയണം**

സുരക്ഷിതമല്ലാത്ത സ്ഥലങ്ങളിൽ നിക്ഷേപം സൂക്ഷിക്കുന്നത് വിഡ്ഢികൾ ആണ്. ഭാവിയിൽ നമുക്ക് പ്രയോജനപെടുന്ന രീതിയിൽ വേണം നമ്മളുടെ സമ്പത്ത് സൂക്ഷിക്കുവാൻ. ഈ ഉപമ നമ്മളെ അതിനായി പ്രേരിപ്പിക്കുന്നു. നല്ല വിളവും, സമ്പത്തും ദൈവത്തിന്റെ അനുഗ്രഹം ആണ്. ഭൌതീക നന്മകളാൽ ദൈവം നമ്മെ ധാരാളമായി അനുഗ്രഹിച്ചേക്കാം.

സമാധാനം സന്തോഷം സ്നേഹം പ്രത്യാശ എന്നീ ആത്മീയ അനുഗ്രഹങ്ങളും ധാരാളമായി ദൈവം നമുക്ക് നൽകും. ആത്മീയ അനുഗ്രഹങ്ങൾ ദൈവം തിരഞ്ഞെടുത്തിട്ടുള്ളവർക്ക് മാത്രമേ ലഭിക്കൂ. കൃപയാൽ നമ്മൾ അതിൽ ഒരാളായി. അത് ദൈവം നമ്മളുടെ മേൽ ചൊരിഞ്ഞ പ്രത്യേക അനുഗ്രഹം ആണ്. എന്തിനാണ് ദൈവം നമുക്ക് ഇതെല്ലാം തന്നിരിക്കുന്നത്? നമ്മൾക്കും നമ്മളുടെ കുടുംബത്തിനും മാത്രം അനുഭവിക്കുവാൻ ആണോ? തീർച്ചയായും അല്ല; നമ്മളെപ്പോലെ അനുഗ്രഹം പ്രാപിക്കുവാൻ ഇതുവരെ കഴിയാതിരിക്കുന്നവരിലേക്ക് അവ പകർന്നുകൊടുക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

നമ്മൾക്ക് ലഭിച്ചിരിക്കുന്ന ആത്മീയവും ഭൌതീകവും ആയ എല്ലാ നന്മകളും മറ്റുള്ളവർക്ക് പകർന്നുകൊടുത്തും അതിലൂടെ അവരുടെ ജീവിതത്തെ വ്യത്യാസപ്പെടുത്തിയും കൊണ്ട് നമ്മൾ ജീവിക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

പങ്കുവെക്കുക, വ്യത്യാസപ്പെടുത്തുക, ദൈവ രാജ്യത്തിന്റെ സാന്നിദ്ധ്യം പകർന്നു കൊടുക്കുക അങ്ങനെ ദൈവരാജ്യം വിസ്തൃതമാക്കുക എന്നതാണ് നമ്മളെകുറിച്ചുള്ള ദൈവീക പദ്ധതി. ഇതിൽ നമ്മൾ പരാജയപെട്ടാൽ നമ്മൾ മൂഢനായ ധനികന്റെതുപോലെയുള്ള ഒരു ജീവിതമാണ് നയിക്കുന്നത്.

◆

Church Calendar



# The Self Defeating Nature of Selfishness

## (Fourth Sunday After Feast of Holy Cross, Luke 12: 13-21)

**Fr. Sajoie Samuel**

Once an old couple, both aged 65, were happily married for more than 35 years, came to a restaurant to celebrate their wedding anniversary. The couple were the epitome of a happy married life. Rarely did they quarrel and they always showed respect to each other. When they had ordered the dinner a fairy appeared to them. The fairy was really happy with the married life of the couple and gave each a wish that they could ask for. The wife was wanting to go on a trip with her husband for a long time. But since they were very poor they could not make it. She told the fairy her wish and lo and behold two tickets for an international trip appeared on the table. The couple were elated and thanked the fairy. Now it was the turn of the old man to ask for a wish. But you never know when the devil takes hold of a person and destroys a relationship. He said I need a wife who is 30 years younger to me. Hearing this both the fairy and the wife were shattered as they were not expecting this from the old man. But a wish was a wish and had to be granted. Immediately the 65 year old man was converted into a 95 year old man.

This is what selfishness does to a person. In this week's Evangelion portion we see two individuals whose mind is clouded by greed and it makes them oblivious of their surroundings. Firstly, a random stranger from the crowd calls out to Jesus and asks Him to direct his brother to give him an equal share as a heir to what he was supposed to inherit. Jesus had come on earth to redeem the human race from it's iniquities but this man sees Him as an arbitrator to his property. Jesus follows this incident with a parable of a Rich Fool who had surplus yield of crops that made him tear down his barns and construct new ones.

Let us see how covetousness made these two individuals sin in God's sight

**1. It made them self-centered**

MY crops, MY barn, MY grain, MY goods, MY soul. The 'MY' bug had infected him big time. This is how infested the rich man was with the spirit of inclusivity. He was not bothered about the poor among him who could have benefited from his bumper yield, had he been altruistic. But his focus was on how his wealth could be beneficial for him and not others. He failed to realise that by being compassionate to others, was a better way to live on earth than being a miser.

**2. They became unthankful for the undeserving blessings they were blessed with**

The rich man did not consider that he had received these things from God. If he had, he would have treated these things as would a steward of God. He imagined that these things were the fruits of his own labour, which is why he usurped them for himself, calling them MY fruits and MY goods. He considered himself as the sole owner and no one else was entitled to it other than him. Hence he says that he has a long time to live and make merry so that he can enjoy what he has.

**3. Inability to understand who Jesus was**

The person who asks Jesus to divide his family inheritance amongst his brother sees Jesus, the Messiah as a magician or a person who could do a abracadabra and make anything possible. Jesus had come to save souls and not distribute inheritance among heirs in an amicable manner. The man saw Jesus healing the sick, driving out demons and talking about a new Kingdom. But all that was mundane and sundry for him as his eyes were fixated only on the wealth he could get from his brother. We are what we focus our minds on. What is our priority?

**4. Their selfishness made them a beggar**

Look at the words of the Rich man. "What shall I do?". Aren't these words suitable to a beggar who has no resources and is at a loss what s/he should do for an existence. Insufficient resources makes an individual a beggar. The barns and storage places are now insufficient to hold more grains. So he feels his means are insufficient for him. Isn't these thoughts the hallmarks of a tramp or beggar? The fastidious attitude of this miserly man made him as unsatisfied as can be.

**5. They lacked peace of mind**

A greedy mind is never satiated no matter what goals are achieved. If the rich man had donated the excess crops to the poor, it would have given him a sense of satisfaction and gratification. Instead he aims to build more big barns. Now to accommodate these barns he would have to work harder which would lead to another bumper yield. Again he would be requiring a bigger storage area for which he would again reconstruct the barns. This vicious cycle would carry on for months and years. So instead of enjoying what he had, he was embroiling himself into a state of continual unrest.This leads to lack of peace on earth and also in the other world.

**6. They made themselves a 'fool' in the sight of God**

The love for riches forced both the individuals of today's biblical portion to shift their focus from the spiritual to the worldly things. The laws of Moses and the prophets taught the people (before the coming of Jesus) about money and it's judicious use. But not everyone adhered to it. Being rich was not a sin but hoarding it for personal use by denying it for the poor and the needy was the grave sin he did. When we slight the providence of God, we tend to credit ourselves for all our achievements. This is where the rich man erred.

**07. It made them usurp the role of God**

The future and it's whereabouts are known and controlled by God. Humans have certain limitations and should adhere to it. Making further permutations and combinations to it, only leads to lack of peace of mind. When we realize we are not entitled to anything, we become grateful for everything. 'SOUL THOU HAS MUCH GOODS LAID UP FOR MANY YEARS' shows how haughty this man was for what was bestowed upon by God. Long life is not a crop we can grow and nurture. Morever, it is God who made the climate propitious for a good harvest. So when we humans extend our limitations way beyond what God has given us, we commit a grave sin.

**8. It made them poor towards God**

We need to be rich towards God, that is, to trust in God to have Him as wealth and the treasury of wealth and not to speak about our treasures but the good things that God has blessed us with. If they are God's, let us not deprive God of His own goods. Hence, we can be rich towards God by emptying ourselves and giving everything away so that we do not lack the necessities of life. God is our treasure of good things and it opens us the values of life so that we can share the same with others in our midst.

**9. They willfully resisted God's ownership**

God is the omnipotent, omniscient and omnipresent. As a creation of God, we need to submit to His divine power by which we are sustained and taken care of. David was strong enough to kill lions and bears singlehandedly. But when he rushes out to kill Goliath, he does so not by his merit but by ascribing it to God. When humans ascribe all glory to God, they multiply in grace. But where s/he ascribes it to personal glory, there the growth is stunted. Had the rich man been more generous and thanked God for what he received, it would have undoubtedly been a blessing in disguise for him.

**10. Made them unable to trust in God's providence**


If the rich man saw God as the Ultimate provider it would have made a world of difference in his attitude. He would have provided for the hungry and destitute around him. He would have thanked God for a blessed harvest. He would not have ascribed all goodness to himself. It would have also made the first person to believe that God would sustain him no matter what happened. He would have been able to forgive his brother who gave him an unfair deal in the unbalanced distribution of wealth.

Let us conclude with a prime and convincing lesson that Jesus Christ gives us when He speaks to the individual about sharing his ancestral property. He does not rebuke or scold him for seeing him as a judge. Hence, we need to discard every temporal and earthly matter and not argue with others to yield to them even when they are covetous and greedy. He does so very meekly and not with harsh rebukes. He urges both brothers to 'take heed and guard' themselves against all greed.

◆



**അൽവാറീസ് മാർ യൂലിയോസിന്റെ നൂറ്റിയൊന്നാം ഓർമ്മപെരുന്നാളും ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ ഇരുപത്തിഏഴാം ഓർമ്മ പെരുന്നാളും സംയുക്തമായി വാഷി അരമന ദേവാലയത്തിൽ കൊണ്ടാടി. ഡോ. മാത്യൂസ് മാർ തീമോത്തിയോസും ഗീവർഗീസ് മാർ കൂറിലോസും നേതൃത്വം നൽകി.**



## Inauguration of Diploma in Orthodox Theology (DOT)

Under the EFFORT (Ecumenical Faith Formation through Orthodox Reflections for Transformation) initiative of the Diocese of UK, Europe and Africa of the Malankara Orthodox Syrian Church, a two year diploma course in Orthodox Theology has been launched. The official inauguration was done on the 25th of September in an online meeting chaired by the Diocesan Metropolitan H.E. Abraham Mar Stephanos. Fr. Dr. K. M George, Professor Emeritus and Orthodox Theologian, delivered the key-note address on the occasion, reminding everyone that Christian life is a life of continuous learning. Fr. Varghese Mathew, the Diocesan Secretary, Dr. Elizabeth Joy, Director of the programme, and Fr. Dr. Anish John, Dean of Studies also spoke on the occasion. 6 Modules will be offered across a span of 2 years in the diploma programme.



**91–ാമത് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം രാജ്യാന്തര സമ്മേളനത്തോട് അനുബന്ധിച്ച് നടത്തുന്ന പതാക ഘോഷ യാത്രയെ സഖറിയാ മാർ അപ്രേം സ്വീകരിക്കുന്നു.**




## സിസ്റ്റർ സോഫിയ അന്തരിച്ചു

ഓതറ: കോഴിമല സെന്റ് മേരീസ് കോൺവെന്റു അംഗമായ സിസ്റ്റർ സോഫിയ (79) അന്തരിച്ചു. കടമ്പനാട് വലിയ പള്ളി ആണ് മാതൃഇടവക. കോൺവന്റ് നോവീസ് മിസ്ട്രസ്സ്, സ്കൂൾ മാനേജർ, മദർ ഹന്ന ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി എന്നി നിലകളിൽ സേവനം അനുഷ്ഠിച്ചിരുന്നു.

കടമ്പനാട് പനച്ച വിളയിൽ പരേതരായ മത്തായിയുടെയും കുഞ്ഞാമ്മയുടെയും മകളാണ്. കോഴിമല സെന്റ് മേരീസ് സ്കൂൾ അധ്യാപിക, ഗൈഡ് ക്യാപ്റ്റൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. കടമ്പനാട് സെന്റ് തോമസ് ഇടവകയുടെ മൂന്നാം മാർത്തോമ്മൻ പുരസ്കാരം നേടിയിട്ടുണ്ട്. ആത്മീയ സാമൂഹ്യ രംഗങ്ങളിൽ സജീവ സാന്നിധ്യം ആയിരുന്നു.

## പുസ്തകം





**വിശുദ്ധൻ വിളിക്കുന്നു**

**അൽവാരീസ് മാർ യൂലിയോസിന്റെ ജീവിതം**

**ഡോ. പോൾ മണലിൽ**

പ്രസാധകർ: എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം

പേജ് 288 വില 300 രൂപ.




**മലങ്കര മല്പാന്മാർ: പാഠവും പഠനവും**

**സഖറിയാ പെരുമ്പടവം**

പ്രസാധകർ: എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം

പേജ് 472 വില 500 രൂപ.




**വായന സംസ്കാരം സമാധാനം**


**ടി. പി. ജോർജുകുട്ടി കോത്തല**

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം 7012270083

വില 250 രൂപ




ഡോ. പോൾ മണലിൽ രചിച്ച വിശുദ്ധൻ വിളിക്കുന്നു എന്ന അൽവാരീസ് മാർ യൂലിയോസിന്റെ ജീവചരിത്ര ഗ്രന്ഥം ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം ചെയ്തു.




Youth Camp organized by IOC Switzerland.



## അന്തർ സെമിനാരി വേദശാസ്ത്ര അധ്യാപക കൂട്ടായ്മ

കോട്ടയം: നിഖ്യാ സൂനഹദോസിന്റെ 1700 –ാം വർഷികത്തോടനുബന്ധിച്ച് നടന്ന അന്തർ സെമിനാരി വേദശാസ്ത്ര അദ്ധ്യാപക കൂട്ടായ്മ സമ്മേളനം വടവാതൂർ അപ്പോസ്തോലിക് സെമിനാരി റെക്ടർ ഫാ. ഡോ. സ്ക്കറിയ കന്യാകോണിൽ ഉദ്ഘാടനം ചെയ്തു.

മാർത്തോമ്മാ സെമിനാരിൽ നടന്ന സമ്മേളനത്തിൽ പ്രിൻസിപ്പാൾ റവ. ഡോ.വി.എസ്. വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഫാ.ഡോ. ജേക്കബ് മാത്യു, റവ.ഡോ. വി. എം മാത്യു, റവ.ഡോ. പി. ജോൺ ഫിലിപ്പ് ഫാ. ഡോ. പോളി മണിയാട്ട് എന്നിവർ പ്രസംഗിച്ചു.

ഓർത്തഡോക്സ്–കത്തോലിക്കാ– മാർത്തോമ്മാ വേദശാസ്ത്ര അദ്ധ്യാപക വേദശാസ്ത്ര സെമിനാറിൽ ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. 'നിഖ്യാ സൂനഹദോസ് അന്നും ഇന്നും' എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. എ ജോൺ ഫിലിപ് പ്രബന്ധം അവതരിപ്പിച്ചു. വടവാതൂർ പൌരസ്ത്യ വിദ്യാപീഠം ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് വൈസ് പ്രസിഡന്റ് ഡോ. തോമസ് കഴുപ്പിൽ, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. ഡോ. സെബാസ്റ്റിൻ കുറ്റിയാനിക്കൽ എന്നിവർ പ്രസംഗിച്ചു.



തിരുവനന്തപുരം ഭദ്രാസന മർത്തമറിയം വനിതാ സമാജം ഏകദിന സമ്മേളനം കുളത്തുപ്പുഴ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉത്ഘാടനം ചെയ്തു.



സഖറിയാ പെരുമ്പടവം തയ്യാറാക്കിയ 'മലങ്കര മല്പാന്മാർ: പാഠവും പഠനവും' എന്ന പഠനഗ്രന്ഥം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം ചെയ്തു. നിർവ്വഹിച്ചത്. മലങ്കര മല്പാന്മാരുടെ ചരിത്രവും സംഭാവനകളും അനുബന്ധ പഠനങ്ങളുമാണ് പുസ്കത്തിന്റെ ഉള്ളടക്കം.



എം. ഡി. യൂഹാനോൻ റമ്പാന് മാത്യൂസ് മാർ തേവോദോസിയോസ്, ഗീവർഗീസ് മാർ പക്കോമിയോസ് എന്നിവർ ചേർന്ന് പ്രാർത്ഥനായോഗം നോർത്ത് സോൺ സംഗമത്തിന്റെ സ്നേഹാദരവ് നൽകുന്നു.



മഹാത്മാഗാന്ധി സർവ്വകലാശാലയിലെ School of Pure and Applied Physics ൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ കോട്ടയം സി.എം.എസ്. കോളജ് ഫിസിക്സ് വിഭാഗം അസി പ്രൊഫസർ റിൻസി തോമസ്. അടൂർ പാണ്ടിക്കുടിയിൽ തലു പുത്തൻവീട്ടിൽ പരേതനായ പി. കെ. തോമസുകുട്ടിയുടെയും ആലീസ് തോമസിന്റെയും പുത്രിയാണ്. ഭർത്താവ് കോട്ടയം ബസേലിയസ് കോളജ് മലയാള വിഭാഗം മേധാവിയും ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗവുമായ വാഴൂർ ചെമ്പകശ്ശേരിൽ ഡോ. തോമസ് കുരുവിള. വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ഇടവകാംഗം.



## കെ.ജി. കോളജിന് നാക് എ ഗ്രേഡ്

പാമ്പാടി: ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാര റേറ്റിങ് ഏജൻസിയായ നാഷനൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (നാക്) മൂന്നാം ഘട്ട റേറ്റിങ്ങിൽ 3.2 സ്കോറോടെ എ ഗ്രേഡിന്റെ അഭിമാന നേട്ടവുമായി പാമ്പാടി കെ.ജി. കോളജ്. അക്കാദമികവും അക്കാദമികേതരവുമായ 7 ഘടകങ്ങളെ അടിസ്ഥാനമാക്കിയാണു നാക്ക് പിയർ ടീം വിലയിരുത്തൽ നടത്തിയത്.

1981-ൽ പരിശുദ്ധ പാമ്പാടി തിരുമേനിയുടെ നാമത്തിൽ ഫാ. പി സി യോഹന്നാൻ റമ്പാന്റെ നേതൃത്വത്തിൽ ആരംഭിച്ച കെ.ജി. കോളജിന്റെ അദ്ധ്യയന ചരിത്രം നാലു പതിറ്റാണ്ട് പിന്നിടുമ്പോൾ 7 യു.ജി. കോഴ്സുകളും 2 പി.ജി. കോഴ്സുകളും ഒരു ഗവേഷണ കേന്ദ്രവും ഉൾപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനമായി മാറി. തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൻ പ്രവർത്തിക്കുന്ന കലാലയം എല്ലാത്തരത്തിലുമുള്ള ആധുനിക അക്കാദമികാന്തരീക്ഷം രൂപപ്പെടുത്തിയെടുത്തതിനുള്ള അംഗീകാരമാണ്. പൂർണ്ണമായും സൗരോർജ്ജത്തെ ആശ്രയിക്കുന്ന കലാലയം, നൂറ് വിദ്യാർത്ഥികൾക്ക് യോഗ പരിശീലിക്കാവുന്ന സൗകര്യമുള്ള സ്വാമി വിവേകാനന്ദ യോഗാ സെന്റർ, ഇന്റർനെറ്റ് സംവിധാനത്തോടു കൂടിയ ആധുനിക കമ്പ്യൂട്ടർ ലാബ്, രാജ്യാന്തര നിലവാരമുള്ള സുവോളജി മ്യൂസിയം, ഇരുപതിനായിരത്തോളം പുസ്തകങ്ങളും ഏഴായിരത്തോളം ഡിജിറ്റൽ പുസ്തകങ്ങളുമുള്ള ലൈബ്രറി, സ്വാഭാവികവനം, ശലഭോദ്യാനം, മൂന്ന്ലക്ഷം ലീറ്റർ ശേഷിയുള്ള മഴവെള്ളസംഭരണി, വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം ഉറപ്പുവരുത്തുന്ന ജീവനി കൗൺസിലിങ് സെന്റർ, മികച്ച സൗകര്യങ്ങളോടുകൂടിയ വനിതാ ഹോസ്റ്റൽ,ഭാരതീയ ഗുരുശിഷ്യ - ജ്ഞാന പാരമ്പര്യത്തിൽ പ്രവർത്തിക്കുന്ന മഠത്തിലാശാൻ സെന്റർ, ശക്തമായ പൂർവ്വ വിദ്യാർത്ഥി സംഘടനാ, മികച്ച അധ്യാപക - രക്ഷകർത്തൃ സമിതി എന്നിവ കോളജിന്റെ പ്രത്യേകതയാണ്.

എൻസിസി. എൻ.എസ്.എസ്, കാർബൺ ന്യൂട്രൽ ക്യാംപസ് എന്ന ലക്ഷ്യത്തിലേക്ക് ക്യാമ്പസിനെ നയിച്ച മാലിന്യ നിർമ്മാർജ്ജനം, മാലിന്യത്തിൽ നിന്ന് പച്ചക്കറി വിളയിക്കുന്ന വെജിറ്റബിൾ ടവർ, ഐ.എസ്.ഒ. സർട്ടിഫിക്കറ്റോട് കൂടിയ ഗ്രീൻ ഓഡിറ്റ്, കുട്ടികളുടെ സമഗ്രവികസനത്തിനും സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനുമായി രൂപപ്പെടുത്തിയ പൂർണ്ണവികാസ്, അമൃതം ഗമയ, മികച്ച സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്ന കോളേജിലെ കരിയർ ഗൈഡൻസ് & പ്ലേസ്മെന്റ് സെല്ല്, കലാ കായിക രംഗങ്ങളിലെ മികവ്, തുടർച്ചയായി ലഭിച്ച യൂണിവേഴ്സിറ്റി റാങ്കുകൾ, റൂസാ ധനസഹായത്തോടെ നിർമ്മിച്ച സെമിനാർ ഹാൾ, വിദ്യാർത്ഥികൾക്ക് അവരുടെ നൂതന ആശയങ്ങൾ അവതരിപ്പിക്കാനുള്ള ഇന്നവേഷൻ സെന്റർ ഇവയെല്ലാം കലാലയത്തിന് മികച്ച ഗ്രേഡ് ലഭിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന കെ.ജി. കോളജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിൽ കോർപറേറ്റ് മാനേജർ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത, റസിഡന്റ് മാനേജർ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത, എം.ഒ.സി. സെക്രട്ടറി ഡോ. എം.ഇ. കുര്യാക്കോസ്, പ്രിൻസിപ്പൽ പ്രൊഫ. (ഡോ) റെന്നി പി. വർഗ്ഗീസ്, ഐ.ക്യൂ.എ.സി കോർഡിനേറ്റർ ലെഫ്. റെനീഷ് ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള ഭരണ സമിതിയുടെയും അധ്യാപക-അനധ്യാപക, വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനമാണ് കോളജിനെ ഈ നേട്ടത്തിലേക്ക് എത്തിച്ചതെന്ന് കോളജ് അധികൃതർ അറിയിച്ചു.